JESUS REDEEMS MINISTRIES

# യുവജനലോകം

സെപ്റ്റംബർ 2026



തെറ്റായ ഉപദേശങ്ങളും
തിന്മയായ കാര്യങ്ങളും
ഉപേക്ഷിച്ച്,
നല്ല ഉപദേശങ്ങളും
കാര്യങ്ങളും

# പഠിച്ചുകൊൾവിൻ!



# ആമുഖം

പ്രിയപ്പെട്ട യൗവനക്കാരെ,
യേശുക്രിസ്തുവിന്റെ മാധുര്യനാമത്തിൽ എന്റെ സ്നേഹാശംസകൾ!
യൗവനക്കാരായ നിങ്ങൾ ശക്തരാണ് (1യോഹന്നാൻ 4:4). ലോകത്തിൽ ഉള്ളവനേക്കാൾ നിങ്ങളിലുള്ളവൻ വലിയവനാണ് എന്ന് നിങ്ങൾ ആഴമായി വിശ്വസിക്കണം. നിങ്ങളിൽ വസിക്കുന്ന പരിശുദ്ധാത്മാവ് എല്ലാറ്റിലും നിങ്ങളെ സഹായിക്കുകയും, നയിക്കുകയും ചെയ്യും!
നാം ജീവിക്കുന്ന ഈ ലോകത്തിൽ, തെറ്റായ പ്രബോധനങ്ങളും, വചനത്തിന് വിരുദ്ധമായ ചിന്തകളും വളരെ അധികമായി പ്രചരിക്കുന്നു. കൂടാതെ, യൗവന സമൂഹത്തിൽ തിന്മയായ കാര്യങ്ങളും, തെറ്റായ ചിന്താഗതികളും വേഗത്തിൽ പ്രചരിപ്പിക്കാൻ സാത്താൻ ഒരു വലിയ പദ്ധതി തയാറാക്കിയിരിക്കുന്നു. അതുകൊണ്ട്, തെറ്റായ പ്രബോധനങ്ങളിൽ നിന്നും, വ്യാജ ആരാധനകളിൽ നിന്നും നിങ്ങളെ സംരക്ഷിക്കേണ്ടത് വളരെ പ്രധാനമാണ്.
അങ്ങനെയുള്ള സാഹചര്യത്തിൽ, നിങ്ങൾ ദൈവവചനത്തിൽ അറിവുള്ളവരായിരിക്കണം. യഥാർത്ഥ ഉണർവും, വ്യാജ ഉണർവും തമ്മിലുള്ള വ്യത്യാസം നിങ്ങൾ അറിഞ്ഞിരിക്കണം. യഥാർത്ഥ ആരാധന എന്താണെന്നും വ്യാജ ആരാധന എന്താണെന്നും നിങ്ങൾക്ക് വ്യക്തമായ ധാരണ ഉണ്ടായിരിക്കണം.
യൗവനക്കാരെ, "ശുഭകരമായി പ്രവർത്തിപ്പാൻ നിന്നെ അഭ്യസിപ്പിക്കയും നീ പോകേണ്ടുന്ന വഴിയിൽ നിന്നെ നടത്തുകയും ചെയ്യുന്ന നിന്റെ ദൈവമായ യഹോവ ഞാൻ തന്നെ" (യെശയ്യാവ് 48:17) എന്ന് കർത്താവ് അരുളിച്ചെയ്യുന്നു.

**യുവജനങ്ങളെ, നിങ്ങളും പൗലൊസിനെപ്പോലെ തീക്ഷ്ണതയോടെ എഴുന്നേറ്റ്, യുവജനതയോട് സുവിശേഷം അറിയിക്കണം.**

- ഗലാത്യ സഭയിൽ കാണപ്പെട്ട വ്യത്യസ്തമായ സുവിശേഷത്തെ പൗലൊസ് കഠിനമായി എതിർത്തു.
- കൊരിന്ത്യ സഭയിൽ കാണപ്പെട്ട പാപ ബന്ധങ്ങളെ കഠിനമായി ശാസിച്ചു.
- തിമൊഥെയൊസിന് എഴുതിയപ്പോൾ, വ്യാജ പ്രബോധനങ്ങളിൽ നിന്ന് അകന്നു നിൽക്കാൻ അവന് മുന്നറിയിപ്പ് നൽകി.

അപ്പൊസ്തലന്മാരുടെ കാലത്ത് പൗലൊസ് ദൈവത്തിനുവേണ്ടി തീക്ഷ്ണതയോടെ എഴുന്നേറ്റതുപോലെ,
**ഇന്ന് നിങ്ങളും വ്യാജമായ കാര്യങ്ങൾ തടയാൻ, എഴുന്നേറ്റ് പ്രവർത്തിക്കണം.**



നിങ്ങൾ കാത്തിരുന്ന് ശക്തിപ്രാപിച്ച് പ്രവർത്തിക്കുമ്പോൾ, ഈ ദുഷ്പ്രവൃത്തികളെ പൂർണ്ണമായും നശിപ്പിക്കാൻ കഴിയും. ലോകമെമ്പാടും വ്യാപിക്കേണ്ടത് വ്യാജമായ ഉണർവല്ല. കർത്താവിൽ നിന്നുള്ള യഥാർത്ഥ ഉണർവ് മാത്രം പൊട്ടിപ്പുറപ്പെട്ട് വ്യാപിക്കണം.

ക്രിസ്തുവിന്റെ വേലയിൽ,
മോഹൻ സി. ലാസറസ്





# സ്വപ്നം സാക്ഷാത്കരിച്ച മനുഷ്യൻ!

**സ്നേഹം നിറഞ്ഞ നേട്ടക്കാർക്ക് എന്റെ ഹൃദയം നിറഞ്ഞ സ്നേഹാശംസകൾ! ഈ ലോകത്തിൽ നാം വിജയം കൈവരിക്കാൻ സാഹചര്യമോ, പണമോ, വിദ്യാഭ്യാസമോ, ശാരീരിക ബലമോ മാത്രം പോരാ; നിരന്തരമായ പരിശ്രമത്തിലൂടെ വിജയം സൃഷ്ടിക്കണം. ആത്മവിശ്വാസം, സ്ഥിരോത്സാഹം, ലക്ഷ്യത്തിന്മേലുള്ള ശ്രദ്ധ എന്നിവ കൈക്കൊണ്ടാൽ മികച്ച വിജയം നേടാൻ നമുക്ക് കഴിയും. ഇതിന് ഏറ്റവും നല്ല ഉദാഹരണമാണ് അബ്ദുള്ള അഫ്രീദ്.**




അബ്ദുള്ള അഫ്രീദിന്റെ വിജയത്തിലേക്കുള്ള യാത്ര എളുപ്പമുള്ളതായിരുന്നില്ല. അവൻ ചെറുപ്പം മുതൽ സെറിബ്രൽ പാൾസി എന്ന നാഡീസംബന്ധമായ വൈകല്യത്തോടെയാണ് വളർന്നത്. ഈ രോഗാവസ്ഥ ശരീരത്തിന്റെ ചലനം, കൈകാലുകളുടെ ഏകോപനം എന്നിവയെ ബാധിച്ചു. മറ്റുള്ളവർക്ക് എളുപ്പത്തിൽ ചെയ്യാൻ കഴിയുന്ന പല കാര്യങ്ങളും അവൻ വലിയ ബുദ്ധിമുട്ടോടെയാണ് ചെയ്തിരുന്നത്. അത് മാത്രമല്ല, അവന് കാഴ്ചക്കുറവും ഉണ്ടായിരുന്നു. പുസ്തകങ്ങൾ വായിക്കുന്നതും, കുറിപ്പുകൾ തയാറാക്കുന്നതും, ദീർഘനേരം ഇരുന്ന് പഠിക്കുന്നതുമെല്ലാം അവന് വലിയ വെല്ലുവിളികളായിരുന്നു.

എന്നാൽ, ഈ ശാരീരിക ബുദ്ധിമുട്ടുകളൊന്നും അവന്റെ ലക്ഷ്യങ്ങളെ തടസ്സപ്പെടുത്തിയില്ല. തന്റെ വൈകല്യത്തെ അവൻ ഒരിക്കലും ഒരു ബലഹീനതയായി കണ്ടതുമില്ല. പകരം, അത് തനിക്ക് കൂടുതൽ കഠിനാധ്വാനം ചെയ്യാനുള്ള ദൃഢനിശ്ചയമാണ് നൽകിയത്. ആ ദൃഢനിശ്ചയത്തോടെയാണ് അദ്ദേഹം യു.പി.എസ്.സി. മത്സരപ്പരീക്ഷയ്ക്കായി കഠിനമായി പ്രയത്നിച്ചത്. ഈ പരീക്ഷയിൽ ലക്ഷക്കണക്കിന് ആളുകൾ പങ്കെടുക്കാറുണ്ടെങ്കിലും വളരെ കുറച്ച് പേർക്ക് മാത്രമേ വിജയം കൈവരിക്കാൻ സാധിക്കാറുള്ളൂ. ഇത്രയും കഠിനമായ ഈ മത്സരത്തിൽ, പലവിധ വെല്ലുവിളികളെ നേരിട്ടുകൊണ്ട് അബ്ദുള്ള തന്റെ ആദ്യ ശ്രമത്തിൽ തന്നെ അഖിലേന്ത്യാ തലത്തിൽ 942-ാം റാങ്ക് നേടി വിജയം കൈവരിച്ചു.

**ഇത് വായിക്കുന്ന യൗവനക്കാരെ, അബ്ദുള്ളയുടെ ജീവിതം നമുക്ക് പ്രധാനപ്പെട്ട പാഠങ്ങളാണ് നൽകുന്നത്. സാഹചര്യങ്ങൾ ഒരിക്കലും നിങ്ങളുടെ ഭാവിയെ നിർണ്ണയിക്കുന്നില്ല. നിങ്ങളുടെ തീരുമാനങ്ങളാണ് നിങ്ങളുടെ ഭാവിയെ രൂപപ്പെടുത്തുന്നത്. സ്വപ്നങ്ങൾ കാണുക! ആ സ്വപ്നങ്ങൾക്കുവേണ്ടി കഠിനാധ്വാനം ചെയ്യുക! തടസ്സങ്ങളെ കണ്ട് പിന്തിരിയാതിരിക്കുക! നിങ്ങളുടെ പരിശ്രമം ഒരു ദിവസം ലോകം മുഴുവൻ ആദരിക്കുന്ന വിജയമായി മാറും.**

# മരണത്തിന്റെ വക്കിൽ നിന്ന്!







### നിങ്ങളുടെ കുടുംബ പശ്ചാത്തലത്തെക്കുറിച്ചും ബാല്യകാലത്തെക്കുറിച്ചും പറയാമോ?

എന്റെ പേര് ദിനാലി മോനിഷ. ഞാൻ ശ്രീലങ്കയിലെ ബദുള്ള ജില്ലയിലെ പസറ എന്ന മലയോര ഗ്രാമത്തിലാണ് ജനിച്ചു വളർന്നത്. എന്റെ മാതാപിതാക്കൾ രണ്ടുപേരും അദ്ധ്യാപകരാണ്. എനിക്ക് ഒരു അനിയത്തിയുമുണ്ട്.

ഞാൻ റോമൻ കത്തോലിക്കാ കുടുംബത്തിലാണ് ജനിച്ചത്. എനിക്ക് എട്ട് വയസ്സുണ്ടായിരുന്നപ്പോൾ എന്റെ മാതാപിതാക്കൾ വേർപിരിഞ്ഞു. അതിനുശേഷം എന്നെ വളർത്തിയതും പഠിപ്പിച്ചതും എന്റെ അമ്മയാണ്. കുട്ടിക്കാലം മുതൽ എനിക്ക് ഐടി മേഖലയിൽ ഒരു സോഫ്റ്റ് വെയർ എഞ്ചിനീയർ ആകണമെന്നായിരുന്നു ആഗ്രഹം. അതിനായി ഞാൻ വളരെ താല്പര്യത്തോടും കഠിനാധ്വാനത്തോടും പഠിച്ചു.

### ശരി... നന്നായി പഠിച്ച് ഐടി മേഖലയിൽ വിജയിക്കാൻ ശ്രമിക്കുന്നതിനിടയിൽ നിങ്ങൾക്കുണ്ടായ തടസ്സം എന്തായിരുന്നു?

2016ൽ ഞാൻ 11-ാം ക്ലാസിൽ പഠിക്കുമ്പോൾ എനിക്ക് കടുത്ത പനിയും, മൂത്രാശയ അണുബാധയും ഉണ്ടായി. പന്ത്രണ്ടാം ക്ലാസിൽ ആയപ്പോൾ, വയറിന്റെ വലതുഭാഗത്ത് കഠിനമായ വേദന, ഛർദ്ദി, കാലിൽ നീര്, കടുത്ത ശാരീരിക തളർച്ച തുടങ്ങിയ പ്രശ്നങ്ങൾ തുടർച്ചയായി നേരിട്ടു. ആ വേദന താങ്ങാൻ കഴിയാത്ത അവസ്ഥയായപ്പോൾ, എന്റെ പഠനം വളരെ ബാധിക്കപ്പെട്ടു. ഡോക്ടർമാർ സ്കാൻ ചെയ്ത് നോക്കിയതിനുശേഷം, ജന്മനാ തന്നെ എന്റെ ഒരു കിഡ്നി വളർച്ചയില്ലാതെ പ്രവർത്തനരഹിതമാണെന്നും, അത് മറ്റേ കിഡ്നിയേക്കാൾ വളരെ ചെറുതാണെന്നും അറിയിച്ചു.



### ഇത് കേട്ടപ്പോൾ നിങ്ങൾക്ക് എന്ത് തോന്നി? തുടർന്ന് എന്താണ് ചെയ്തത്?

എന്റെ ഭാവി സ്വപ്നങ്ങളെല്ലാം തകർന്നതുപോലെയാണ് എനിക്ക് തോന്നിയത്. ബാധിക്കപ്പെട്ട കിഡ്നി നീക്കം ചെയ്ത് കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിയില്ലെങ്കിൽ, അത് മറ്റേ കിഡ്നിയെയും ബാധിക്കുമെന്നും ജീവന് തന്നെ അപകടമാണെന്നും ഡോക്ടർമാർ പറഞ്ഞു. എന്നെ രക്ഷിക്കാൻ വേണ്ടി എന്റെ അമ്മ തന്റെ പക്കലുണ്ടായിരുന്ന ആഭരണങ്ങളും സമ്പാദ്യങ്ങളുമെല്ലാം വിറ്റ് ചികിത്സ നടത്തി.



പിന്നീട് ബാങ്കിൽ നിന്ന് ലോണെടുത്തും ചികിത്സ തുടർന്നു. ആ സമയത്ത് എനിക്ക് യഥാർത്ഥ ദൈവത്തെക്കുറിച്ച് യാതൊരു അറിവും ഉണ്ടായിരുന്നില്ല. ഞങ്ങൾ പല വഴിപാടുകളും നേർച്ചകളും നടത്തി. ഇന്ത്യയിൽ വന്ന് പല ചികിത്സകളും ചെയ്തു. എന്നാൽ ഒന്നിനും ഫലമുണ്ടായില്ല. 2018 ജൂൺ 8-ാം തിയതി എടുത്ത സ്കാൻ റിപ്പോർട്ടിന് ശേഷം, കിഡ്നി മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചെയ്യാൻ ഡോക്ടർമാർ തയാറെടുത്തു. എന്നാൽ അതിന് പണമില്ലാതിരുന്നതുകൊണ്ട്, വലിയ നിരാശയിലായ ഞാൻ ജൂൺ 7-ാം തിയതി എന്റെ ജീവിതം അവസാനിപ്പിക്കാൻ തീരുമാനിച്ചു.

### എന്തുകൊണ്ടാണ് നിങ്ങൾ ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചത്? നിങ്ങൾ നിശ്ചയിച്ച ദിവസം എന്താണ് സംഭവിച്ചത്?

ജൂൺ 6-ാം തിയതി, ഞങ്ങളുടെ ഒരു ബന്ധു സഹോ. മോഹൻ സി. ലാസറസ് ബദുള്ള എന്ന പ്രദേശത്ത് നടത്തുന്ന മീറ്റിംഗിലേക്ക് ഞങ്ങളെ കൊണ്ടുപോയി. ഞാൻ റോമൻ കത്തോലിക്കാ പശ്ചാത്തലത്തിൽ വളർന്നതുകൊണ്ട്, ദൈവത്തെക്കുറിച്ച് അറിയാൻ എനിക്ക് യാതൊരു താല്പര്യവും ഉണ്ടായിരുന്നില്ല. അമ്മയുടെ കടുത്ത നിർബന്ധത്തിന് വഴങ്ങി മാത്രമാണ് ഞാൻ ആ മീറ്റിംഗിൽ പങ്കെടുത്തത്. യോഗത്തിൽ ആയിരുന്നപ്പോഴും അടുത്ത ദിവസം ആത്മഹത്യ ചെയ്യണം എന്ന ചിന്തയാണ് എന്റെ മനസ്സിൽ ഉണ്ടായിരുന്നത്. രാജ്യത്തിനുവേണ്ടിയുള്ള പ്രാർത്ഥന നടന്നുകൊണ്ടിരുന്നു. 'നമുക്കുവേണ്ടി പ്രാർത്ഥിക്കില്ല' എന്ന് കരുതി ഞാൻ പുറത്തേക്ക് പോകാൻ ശ്രമിച്ചു. പക്ഷേ ജനക്കൂട്ടം കാരണം എനിക്ക് പുറത്തിറങ്ങാൻ കഴിഞ്ഞില്ല. അപ്പോൾ സഹോ. മോഹൻ സി. ലാസറസ്, "യൗവനക്കാരിയായ ഒരു പെൺകുട്ടി ആത്മഹത്യയുടെ ദുരാത്മാവിനാൽ ബാധിക്കപ്പെട്ടിരിക്കുന്നു. മുന്നോട്ട് വരൂ. ഇത് നിന്റെ വിടുതലിന്റെ ദിവസമാണ്, ഇന്ന് നിന്റെ ജീവിതം മാറാൻ പോകുന്നു" എന്നു പറഞ്ഞു. ആ വാക്കുകൾ കേട്ടയുടനെ, എങ്ങനെയാണെന്ന് അറിയില്ല, അടുത്ത നിമിഷം ഞാൻ വേദിയുടെ മുന്നിലെത്തി.

പ്രാർത്ഥിച്ചപ്പോൾ, എന്റെ ഹൃദയം പൊട്ടി രക്തം ഒഴുകുന്നതുപോലെ എനിക്ക് അനുഭവപ്പെട്ടു. ആകാംക്ഷയോടെ നോക്കിയപ്പോൾ ഒന്നും സംഭവിച്ചില്ല. അത് ഒരു തോന്നൽ മാത്രമായിരുന്നു. പ്രാർത്ഥനയ്ക്ക് ശേഷം ഞങ്ങൾ വീട്ടിലേക്ക് മടങ്ങി.

### അയ്യോ... അതിനെക്കുറിച്ച് എനിക്ക് ചിന്തിക്കാൻ പോലും കഴിയുന്നില്ല. ശരി, വീട്ടിൽ








**പോയതിനുശേഷം നിങ്ങളുടെ മാനസികാവസ്ഥ എങ്ങനെയായിരുന്നു?**

ആ രാത്രിയിൽ എനിക്ക് ആത്മഹത്യാ ചിന്തകളൊന്നും ഉണ്ടായില്ല. അതിനുപകരം, ഇതുവരെ അനുഭവിച്ചിട്ടില്ലാത്ത ആഴത്തിലുള്ള സമാധാനവും വിവരിക്കാൻ കഴിയാത്ത സന്തോഷവും എന്റെ ഹൃദയത്തിൽ നിറഞ്ഞു. അടുത്ത ദിവസം സിടി സ്കാൻ എടുക്കാൻ ഞങ്ങൾ ആശുപത്രിയിൽ പോയി. റിപ്പോർട്ട് കണ്ടപ്പോൾ സീനിയർ ഡോക്ടർമാർ അത്ഭുതപ്പെട്ടു. 'ബാധിക്കപ്പെട്ട കിഡ്നിയിൽ വളരുന്നതായി മുമ്പ് പറഞ്ഞ കോശങ്ങളുടെ ഒരു ലക്ഷണവും ഈ പുതിയ സ്കാനിൽ കാണുന്നില്ല' എന്ന് പറഞ്ഞു. അന്നുമുതൽ ഇന്നുവരെ കർത്താവ് എന്നെ പൂർണ്ണ ആരോഗ്യത്തോടെ നിലനിർത്തിയിരിക്കുന്നു.

**ഇത്രയും വലിയൊരു അത്ഭുതം സംഭവിച്ചു എന്ന് പറയുന്നു. പക്ഷേ നിങ്ങൾക്ക് ദൈവത്തിൽ വിശ്വാസമേയില്ലല്ലോ! അപ്പോൾ യേശുക്രിസ്തു സത്യദൈവമാണെന്ന് എങ്ങനെയാണ് നിങ്ങൾ തിരിച്ചറിഞ്ഞത്?**

അത് എങ്ങനെ സംഭവിച്ചുവെന്ന് ഇപ്പോഴും എനിക്ക് മനസ്സിലാകുന്നില്ല. ഈ അത്ഭുതം നടന്ന് ചില ദിവസങ്ങൾക്ക് ശേഷം, 'ആരാണ് യഥാർത്ഥ ദൈവം? എന്തുകൊണ്ടാണ് ഇത്രയും കാലം ഞാൻ ആ ദൈവത്തെ അറിയാതിരുന്നത്?' എന്ന ചോദ്യങ്ങൾ എന്റെ മനസ്സിൽ ഉയർന്നുവരാൻ തുടങ്ങി. അപ്പോൾ യെശയ്യാവ് 41:10 എന്ന വചനം എന്റെ മനസ്സിൽ വന്നു. എന്റെ കൈവശം ഒരു റോമൻ കത്തോലിക്കാ ബൈബിൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അത് വായിച്ചപ്പോൾ," ഭയപ്പെടേണ്ട, ഞാൻ നിന്നോടുകൂടെയുണ്ട് ..." എന്ന വചനം ആരോ എന്നോട് നേരിട്ട് സംസാരിക്കുന്നത് പോലെ എന്റെ ഹൃദയത്തിൽ മുഴങ്ങി.

'ആകാശവും ഭൂമിയും സൃഷ്ടിച്ച എനിക്ക്, നിന്റെ ഈ ചെറിയ അവയവത്തെ പുതുതായി സൃഷ്ടിക്കാൻ എത്ര സമയമെടുക്കും?' എന്ന് ആ നിമിഷം കർത്താവ് എന്നോട് ചോദിച്ചു. "നീ ആരാണ്?" എന്ന് ഞാൻ ചോദിച്ചപ്പോൾ, "ഞാൻ കർത്താവായ യേശുക്രിസ്തുവാണ്" എന്ന് എന്റെ ഹൃദയത്തിൽ ഉണർത്തപ്പെട്ടു. ആ നിമിഷം എനിക്ക് അനുഭവപ്പെട്ട സമാധാനവും സന്തോഷവും വാക്കുകളിലൂടെ വിവരിക്കാൻ കഴിയില്ല.

**സൂപ്പർ .... ദൈവത്തിൽ വിശ്വസിക്കാത്ത നിങ്ങൾക്ക് യേശുവാണ് യഥാർത്ഥ ദൈവമെന്ന് വെളിപ്പെടുത്തി. അതിനുശേഷം യേശുവിനെ സ്വീകരിച്ചോ?**

അതെ. ആ അനുഭവത്തിന് ശേഷമാണ് എനിക്ക് എന്റെ പാപത്തെക്കുറിച്ച് ബോധമുണ്ടായത്. ഞാൻ എന്റെ എല്ലാ പാപങ്ങളും കർത്താവിനോട് ഏറ്റുപറഞ്ഞ് പ്രാർത്ഥിക്കാൻ തുടങ്ങി. അപ്പോഴാണ് യേശുക്രിസ്തുവിലൂടെ മാത്രമേ പാപമോചനം ലഭിക്കുകയുള്ളൂ എന്ന് ഞാൻ മനസ്സിലാക്കിയത്.

അതിനുശേഷം കർത്താവിന്റെ വഴികൾ അറിയുന്നതിൽ എനിക്ക് താൽപര്യമുണ്ടായി. സഹോ. മോഹൻ സി. ലാസറസിന്റെ സന്ദേശങ്ങളിലൂടെ ഞാൻ പ്രാർത്ഥനാ ജീവിതത്തെക്കുറിച്ച് പഠിച്ചു. തുടർന്ന് വിശുദ്ധ വേദപുസ്തകം വാങ്ങി പതിവായി വായിക്കാൻ തുടങ്ങി. 2018ൽ കർത്താവ് എനിക്ക് പരിശുദ്ധാത്മാവിന്റെ അഭിഷേകവും നൽകി.

**ശരി... സൗഖ്യം പ്രാപിച്ചു, അഭിഷേകവും പ്രാപിച്ചു. അതിനുശേഷം നിങ്ങൾ കർത്താവിനുവേണ്ടി ശുശ്രൂഷ ചെയ്യാൻ തുടങ്ങിയോ?**

തുടക്കത്തിൽ ഇല്ല. സൗഖ്യം ലഭിച്ചാലും നമ്മുടെ സഭയിൽ തന്നെ നിൽക്കണം എന്ന് എന്റെ



അമ്മയും ബന്ധുക്കളും മറ്റു പലരും പറഞ്ഞു, പുറത്ത് പോകാതിരിക്കുവാൻ അവർ എനിക്ക് നിരവധി ഉത്തരവാദിത്തങ്ങൾ നൽകി. തൽഫലമായി എനിക്ക് ധാരാളം എതിർപ്പുകളും പോരാട്ടങ്ങളും നേരിടേണ്ടിവന്നു.  ആ സമയത്ത്, രക്ഷ പ്രാപിച്ച എന്റെ മുത്തച്ഛൻ ഉപയോഗിച്ചിരുന്ന വേദപുസ്തകം എനിക്ക് ലഭിച്ചു. അതിലെ കുറിപ്പുകളും വാക്യങ്ങളും കർത്താവിനെ കൂടുതൽ ആഴത്തിൽ അറിയാൻ എന്നെ സഹായിച്ചു.  അപ്പോഴാണ് യേശുക്രിസ്തു സത്യദൈവമാണെന്ന് എന്റെ ഹൃദയത്തിൽ ഉറച്ച വിശ്വാസം രൂപപ്പെട്ടത്.



അതിനുശേഷം, എനിക്ക് കഴിയുന്നത്രയും ഞാൻ കർത്താവിനുവേണ്ടി ശുശ്രൂഷ ചെയ്യാൻ തുടങ്ങി. ഇത് എന്റെ കുടുംബത്തിൽ നിന്ന് എതിർപ്പിനും തിരസ്കരണത്തിനും കാരണമായി.   മനുഷ്യർ എന്നെ സ്വീകരിച്ചില്ലെങ്കിലും, യേശുക്രിസ്തു എന്നെ തന്റെ പൈതലായി ഏറ്റെടുത്തു.

2019ൽ എന്റെ അമ്മയും സഹോദരിയും രക്ഷ പ്രാപിച്ചു.  അതിനുശേഷം  നിരവധി ശുശ്രൂഷകളിൽ പങ്കെടുത്ത്, കർത്താവ് നൽകിയ വെളിപ്പെടുത്തലുകളിലൂടെ അനേകർക്ക് അനുഗ്രഹമാകാനുള്ള കൃപ ലഭിച്ചു. 2020ൽ ബൈബിൾ കോളേജിൽ പഠനത്തിന് പോയി, 2021ൽ പൂർത്തിയാക്കി, ശ്രീലങ്കയിലെ ഒരു ശുശ്രൂഷയോട് ചേർന്ന് പ്രവർത്തിച്ചു.  തുടർന്ന്, കർത്താവിന്റെ നിർദേശപ്രകാരം, ഇപ്പോൾ ഞാൻ സന്നദ്ധ സംഘടനയിലൂടെ 1,854 കുഞ്ഞുങ്ങൾക്ക് അനുഗ്രഹമായിരിക്കുന്നു.  കൂടാതെ, ഒരു വ്യക്തിപോലും സുവിശേഷം അറിഞ്ഞിട്ടില്ലാത്ത പ്രദേശങ്ങളിൽ പോയി ഒരു മിഷനറിയെപ്പോലെ സുവിശേഷം അറിയിക്കാനുള്ള ഭാഗ്യവും കർത്താവ് എനിക്ക് നൽകിയിരുന്നു.

## ഈ സാക്ഷ്യത്തിലൂടെ എന്ത് സന്ദേശമാണ് നിങ്ങൾ നൽകാൻ ആഗ്രഹിക്കുന്നത്?

എന്റെ ജീവിതം മുഴുവൻ സ്വപ്നങ്ങളാൽ നിറഞ്ഞിരുന്നു. പക്ഷേ എനിക്ക് അസുഖം വന്നപ്പോൾ, എല്ലാം അവസാനിച്ചു എന്ന് ചിന്തിച്ചിരുന്നു.  ഡോക്ടർമാരുടെ വിധിയും, ജാതകവും, ലക്ഷണം പറയുന്നവരുടെ വാക്കുകളും നിമിത്തം 20 വർഷത്തിനപ്പുറം ജീവനോടിരിക്കില്ല എന്ന ഭയം എന്റെ മനസ്സിൽ ആഴത്തിൽ പതിഞ്ഞു.  അതാണ് എന്നെ ആത്മഹത്യയുടെ വക്കിലെത്തിച്ചത്. എന്നാൽ മനുഷ്യർ എന്റെ ജീവിതത്തിന് അവസാനം കുറിച്ചിടത്ത്, കർത്താവായ യേശുക്രിസ്തു എനിക്ക് ഒരു പുതിയ തുടക്കം നൽകി. കർത്താവിന്റെ കൃപയാൽ ഇന്നും ഞാൻ ജീവനോടെയിരുന്ന്, ആരോഗ്യത്തോടെ കർത്താവിനുവേണ്ടി ശുശ്രൂഷ ചെയ്തുവരുന്നു.

ഈ സാക്ഷ്യം വായിക്കുന്ന നിങ്ങളിൽ ആരെങ്കിലും, 'എല്ലാം കഴിഞ്ഞു' എന്ന് ചിന്തിക്കുന്നെങ്കിൽ നിരുത്സാഹപ്പെടരുത്. എന്റെ ജീവിതം മാറ്റിമറിച്ച അതേ കർത്താവിന് നിങ്ങളുടെ ജീവിതത്തെയും മാറ്റാൻ കഴിയും. ദൈവവചനം മനുഷ്യരുടെ വിധിയെക്കാളും, ഡോക്ടർമാരുടെ റിപ്പോർട്ടിനെക്കാളും വലുതാണ്.

കർത്താവ് അരുളിച്ചെയ്താൽ; അസാധ്യമായത് സാധ്യമാകും. നഷ്ടപ്പെട്ടത് തിരികെ ലഭിക്കും. മരണത്തിന്റെ വക്കിലെത്തിയ ജീവിതത്തിന് പോലും ഒരു പുതിയ തുടക്കം ലഭിക്കും.

അതുകൊണ്ട്, യാതൊരു സാഹചര്യത്തിലും ഒരിക്കലും പ്രതീക്ഷ കൈവിടരുത്. പൂർണ്ണഹൃദയത്തോടെ കർത്താവായ യേശുക്രിസ്തുവിൽ ആശ്രയിക്കുക.  കർത്താവ് ഒരിക്കലും നിങ്ങളെ  ഉപേക്ഷിക്കുകയില്ല; തീർച്ചയായും കർത്താവ് നിങ്ങളുടെ ജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം ആരംഭിക്കും.

**"ഭയപ്പെടേണ്ട, ഞാൻ നിന്നോടു കൂടെ ഉണ്ട്; ഭ്രമിച്ചുനോക്കേണ്ടാ, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലംകൈകൊണ്ടു ഞാൻ നിന്നെ താങ്ങും." (യെശയ്യാവ് 41:10)**



# കർത്താവിന്റെ തിരഞ്ഞെടുപ്പ്!



**"നിങ്ങളോ അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാന്തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയപുരോഹിതവർഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു" (1 പത്രൊസ് 2:9)**

നിങ്ങൾ 'തിരഞ്ഞെടുക്കപ്പെട്ട തലമുറയാണ്' എന്ന് പരിശുദ്ധാത്മാവ് നിങ്ങളെക്കുറിച്ച് പറയുന്നു. കർത്താവ് നിങ്ങളെ മാത്രമല്ല, നിങ്ങളുടെ തലമുറകളെയും തിരഞ്ഞെടുത്തിരിക്കുന്നു.

ലോകം ജലപ്രളയത്താൽ നശിപ്പിക്കപ്പെട്ടപ്പോൾ, കർത്താവ് നോഹയെ മാത്രമല്ല തിരഞ്ഞെടുത്തത് നോഹയുടെ കുടുംബത്തെ മുഴുവനും തിരഞ്ഞെടുത്ത് അദ്ദേഹത്തിന്റെ തലമുറകളെയും രക്ഷിച്ചു. ജലപ്രളയത്തിനുശേഷം ഭൂമിയിൽ മനുഷ്യർ വർദ്ധിക്കണം എന്ന തന്റെ പദ്ധതി നിറവേറ്റുന്നതിനുവേണ്ടി കർത്താവ് നോഹയെയും കുടുംബത്തെയും തിരഞ്ഞെടുത്തു.

കർത്താധി കർത്താവിന് ഈ ലോകത്തിൽ അവതരിക്കേണ്ടതിനാൽ, ഒരു ജാതിയെ വേർപെടുത്തി, വിശുദ്ധീകരിച്ച് ഒരുക്കുവാനായി അബ്രഹാമിനെ തിരഞ്ഞെടുത്തു. യേശുക്രിസ്തു ഈ ലോകത്തിൽ ശുശ്രൂഷ ചെയ്ത നാളുകളിൽ, അനേകർ യേശുക്രിസ്തുവിനെ അനുഗമിച്ചു. പലരും യേശുവിനോട് കൂടെ ആയിരിക്കാൻ ആഗ്രഹിച്ചു. പക്ഷേ, ആ വലിയ ജനക്കൂട്ടത്തിൽ നിന്ന് കർത്താവ് പന്ത്രണ്ടുപേരെ മാത്രം തിരഞ്ഞെടുത്തു.

**"അവൻ തന്നോടുകൂടെ ഇരിപ്പാനും പ്രസംഗിക്കേണ്ടതിന് അയപ്പാനും ഭൂതങ്ങളെ പുറത്താക്കേണ്ടതിന് അധികാരം ഉണ്ടാകുവാനും പന്തിരുവരെ നിയമിച്ചു" (മർക്കൊസ് 3:14-15).**

അതുപോലെ, യേശുവിനെതിരെ പ്രവർത്തിച്ചുകൊണ്ടിരുന്ന ശൗൽ എന്ന യൗവനക്കാരനെ കർത്താവ് സന്ദർശിക്കുകയും, അവനെ തിരഞ്ഞെടുത്ത് ശക്തമായി ഉപയോഗിക്കുകയും ചെയ്തു.

പ്രിയപ്പെട്ട യൗവനക്കാരെ, നിങ്ങൾ എങ്ങനെയുള്ളവരാണെങ്കിലും ശരി, ഇന്ന് കർത്താവിന്റെ കണ്ണുകൾ



നിങ്ങളുടെമേൽ പതിഞ്ഞിരിക്കുന്നു. അവിടുത്തെ തിരഞ്ഞെടുപ്പ് ഏറ്റവും അത്ഭുതകരമാണ്. അവിടുത്തെ സ്നേഹം അളവറ്റതാണ്. അവിടുത്തെ തിരഞ്ഞെടുപ്പിനെ ഒരു മനുഷ്യനും പൂർണ്ണമായും മനസ്സിലാക്കാൻ കഴിയില്ല.

**"നിന്നെ ഉദരത്തിൽ ഉരുവാക്കിയതിനു മുമ്പേ ഞാൻ നിന്നെ അറിഞ്ഞു ... ഞാൻ നിന്നെ വിശുദ്ധീകരിച്ചു, ജാതികൾക്കു പ്രവാചകനായി നിയമിച്ചിരിക്കുന്നു" (യിരെമ്യാവ് 1:5).**

അതുപോലെ, **"ലോകസ്ഥാപനത്തിനു മുമ്പേ നമ്മെ അവനിൽ തിരഞ്ഞെടുത്തു" (എഫെസ്യർ 1:4).**

അമ്മയുടെ ഉദരത്തിൽ നിങ്ങൾ ഉരുവാക്കപ്പെട്ടുകൊണ്ടിരുന്നപ്പോൾ തന്നെ, ഒരു പ്രത്യേക ലക്ഷ്യത്തിനായി കർത്താവ് നിങ്ങളെ തിരഞ്ഞെടുത്തു.

ഒരിക്കൽ, ഒരു കുടുംബം ഒരു യുവാവിന് വേണ്ടി പ്രാർത്ഥിക്കുവാൻ എന്റെ അടുക്കൽ വന്നു. ഞാൻ ആ കുടുംബത്തിന് വേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, ആ യുവാവ് അല്പം മാറി നിൽക്കുകയായിരുന്നു. അവനെ കണ്ടയുടനെ, "ഞാൻ അവനെ തിരഞ്ഞെടുത്തിരിക്കുന്നു. അവൻ എന്റെ ശുശ്രൂഷ ചെയ്യും. ഞാൻ അവനെ ശക്തമായി ഉപയോഗിക്കും" എന്ന് കർത്താവ് എന്നോട് പറഞ്ഞു.

പ്രാർത്ഥന കഴിഞ്ഞതിന് ശേഷം, ഞാൻ അവനോട്, "സഹോദരാ, കർത്താവ് നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു, നിന്നെ അനേകർക്ക് അനുഗ്രഹമായി ഉപയോഗിക്കും" എന്ന് പറഞ്ഞു. അതിന് അവൻ, "ഞാൻ നന്നായി മദ്യപിക്കുകയും സിഗരറ്റ് വലിക്കുകയും ചെയ്ത് സന്തോഷമായിരിക്കുകയാണ്. ഇങ്ങനെയുള്ള എന്നെ യേശു ഉപയോഗിക്കുമോ?" എന്ന് പറഞ്ഞ് പരിഹാസത്തോടെ ചിരിച്ചുകൊണ്ട് കടന്നുപോയി.

എന്നാൽ, രണ്ട് വർഷങ്ങൾക്ക് ശേഷം കൈയിൽ വേദപുസ്തകവുമായി അവൻ എന്നെ വന്നു കണ്ടു. കർത്താവ് തന്റെ ജീവിതത്തെ പൂർണ്ണമായി മാറ്റി, ഒരു ദൈവശുശ്രൂഷകനാക്കി മാറ്റിയ വിധത്തെക്കുറിച്ച് പങ്കുവച്ചു. യഥാർത്ഥത്തിൽ കർത്താവിന്റെ തിരഞ്ഞെടുപ്പിനെ നമുക്ക് പൂർണ്ണമായി മനസ്സിലാക്കാൻ കഴിയില്ല. നിങ്ങൾ ഏത് സാഹചര്യത്തിൽ ആയിരുന്നാലും, കർത്താവ് നിങ്ങളെ മുൻകൂട്ടി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ, തീർച്ചയായും നിങ്ങളെ തിരഞ്ഞെടുത്ത് തന്റെ ശുശ്രൂഷയ്ക്കായി ഉപയോഗിക്കും.



ആടുകളെ മേയ്ച്ചുകൊണ്ടിരുന്ന ഒരു യൗവനക്കാരനായ ഇടയനെ തിരഞ്ഞെടുത്ത്, അവനെ ഒരു ദേശത്തിന്റെ രാജാവായി ഉയർത്തുവാൻ കർത്താവിന് കഴിയും. മാതാപിതാക്കളില്ലാത്ത ഒരു പാവപ്പെട്ട സ്ത്രീയെ തിരഞ്ഞെടുത്ത്, ഒരു ദേശത്തെ ഭരിക്കുന്ന രാജ്ഞിയായി ഉയർത്തുവാൻ അവിടുന്ന് ശക്തനായ ദൈവമായിരിക്കുന്നു. കർത്താവിന്റെ തിരഞ്ഞെടുപ്പ് മനുഷ്യ ചിന്തകൾക്ക് അതീതമാണ്.

യേശു പാപികളോട് കരുണയുള്ള ദൈവമാണ്. നിങ്ങൾ ആരായിരുന്നാലും ശരി, ഇതുവരെ യേശുവിനെ വിശ്വസിക്കാത്തവരായിരുന്നാലും ശരി, കർത്താവിനെ വെറുക്കുന്നവരായിരുന്നലും ശരി, യേശു നിങ്ങളെ തിരഞ്ഞെടുത്തിരിക്കുന്നു.

കർത്താവിന്റെ തിരഞ്ഞെടുപ്പിന് നിങ്ങളെ സമർപ്പിക്കുമ്പോൾ, യേശു നിങ്ങളെയും ശക്തമായി ഉപയോഗിക്കും.

ഉടമ്പടിയുടെ ദൈവം നോഹയെ തിരഞ്ഞെടുത്തപ്പോൾ, അവനോട് ഒരു നിയമം ചെയ്തു (ഉൽപത്തി 9:8-13). അബ്രഹാമിനെ തിരഞ്ഞെടുത്തപ്പോഴും അവനോട് നിയമം ചെയ്തു (ഉൽപത്തി 12:1-3). കർത്താവ് ആരെ തിരഞ്ഞെടുക്കുന്നുവോ, അവരോട് ഉടമ്പടി ചെയ്യുന്നു. അവർക്ക് കല്പനകളും വാഗ്ദത്തങ്ങളും നൽകുന്നു. അതുപോലെ, കർത്താവ് നിങ്ങളെ വിളിക്കുമ്പോൾ, നിങ്ങൾക്കും വാഗ്ദത്തങ്ങൾ തരും നിങ്ങളോടും ഉടമ്പടി ചെയ്യും.

**പ്രിയപ്പെട്ട യൗവനക്കാരെ,** തന്നാൽ തിരഞ്ഞെടുക്കപ്പെട്ടവരെ അനുഗ്രഹിക്കുന്ന ദൈവം, എല്ലാ വിധത്തിലും നിങ്ങളെ അനുഗ്രഹിക്കും. **"കർത്താവേ, അങ്ങ് എന്നെ തിരഞ്ഞെടുത്തുവെങ്കിൽ, എന്നെ പൂർണ്ണമായും അനുഗ്രഹിക്കേണമേ"** എന്ന് പ്രാർത്ഥിപ്പിൻ. തീർച്ചയായും കർത്താവ് നിങ്ങളെ പൂർണ്ണമായും അനുഗ്രഹിക്കും!




# പഠിക്കുക!!!

ഇന്നത്തെ ആധുനിക ലോകത്ത് യൗവനക്കാർ മികച്ച കഴിവും പ്രാപ്തിയും ഉള്ളവരാണെങ്കിലും, അവരെ ശരിയായ പാതയിൽ ഉപയോഗിക്കുന്നതിന് ഉപദേശം കേൾക്കാനുള്ള ഒരു മനസ്സുണ്ടെങ്കിൽ മതി, ജീവിതത്തിൽ വിജയം കൈവരിക്കാൻ കഴിയും. നാം എത്രത്തോളം പഠിച്ചിട്ടുണ്ടെങ്കിലും, ഓരോ കാലഘട്ടത്തിലും പഠിച്ചെടുക്കേണ്ട കാര്യങ്ങൾ നിരവധിയാണ്. ഉപദേശം തേടുന്നത് ഒരു ബലഹീനതയല്ല; അതൊരു ബലമാണ്! അത് താഴ്മയുടെ അടയാളമാണ്. താഴ്മയുള്ള മനസ്സോടെ നല്ല ഉപദേശങ്ങൾ സ്വീകരിക്കുന്നവർ ഭാവിയിൽ മികച്ച നേതാക്കളായി മാറുന്നു. ഒരു ചെറിയ ഉപദേശം പോലും നമ്മെ വലിയൊരു ആപത്തിൽ നിന്ന് രക്ഷിച്ചേക്കാം.

ശലോമോൻ രാജാവിന്റെ മകനായ രെഹബെയാം, 41-ാമത്തെ വയസ്സിൽ രാജഭരണം ഏറ്റെടുത്തപ്പോൾ, ജനങ്ങൾ അവന്റെ മുമ്പിൽ ഒരു അപേക്ഷ സമർപ്പിച്ചു. **"നിന്റെ അപ്പൻ ഭാരമുള്ള നുകം ഞങ്ങളുടെമേൽവച്ചു; നിന്റെ അപ്പന്റെ കഠിനവേലയും അവൻ ഞങ്ങളുടെമേൽ വച്ചിരിക്കുന്ന ഭാരമുള്ള നുകവും നീ ഭാരം കുറച്ചുതരേണം" (1 രാജാ.12:4)** എന്ന് അപേക്ഷിച്ചു.

രെഹബെയാം രണ്ട് തരത്തിലുള്ള ആലോചനകൾ ചോദിച്ചറിഞ്ഞു. ഒന്നാമതായി, തന്റെ പിതാവിന്റെ കാലത്ത് സേവനമനുഷ്ഠിച്ച അനുഭവസമ്പന്നരായ വൃദ്ധന്മാരോടും, രണ്ടാമതായി, തന്നോടൊപ്പം വളർന്ന അനുഭവസമ്പത്തില്ലാത്ത കൂട്ടുകാരോടും അവൻ ആലോചന ചോദിച്ചു. ഒടുവിൽ, വൃദ്ധന്മാരുടെ നല്ല ആലോചനകളെ തള്ളിക്കളഞ്ഞ്, തന്റെ യൗവനക്കാരായ കൂട്ടുകാർ പറഞ്ഞ ആലോചനപ്രകാരം ജനങ്ങളോട് കഠിനമായും അഹങ്കാരത്തോടെയും സംസാരിച്ചു. ഇതിന്റെ ഫലമായി രാജ്യം വടക്ക് ഇസ്രായേലിന്റെ പത്ത് ഗോത്രങ്ങളായും, തെക്ക് യൂദായുടെ രണ്ട് ഗോത്രങ്ങളായും വിഭജിക്കപ്പെട്ടു.

രെഹബെയാം തെറ്റായ ആലോചനയ്ക്ക് ചെവികൊടുത്തതുകൊണ്ട് യൂദാ ബലഹീനമായി. നിങ്ങളുടെ പ്രായത്തിലുള്ള കൂട്ടുകാർക്ക് നിങ്ങളുടെ വികാരങ്ങളെ മനസ്സിലാക്കാൻ കഴിഞ്ഞേക്കാം! എന്നാൽ, ജീവിതാനുഭവമുള്ളവരുടെ ആലോചനകളായിരിക്കും തെറ്റായ വഴിയിൽ അകപ്പെടാതെ സംരക്ഷിക്കുന്ന ശരിയായ വഴികാട്ടിയായിരിക്കുന്നത്. അതുകൊണ്ട് രെഹബെയാമിനെപ്പോലെ വൃദ്ധന്മാരുടെ ശാസനകളും ആലോചനകളും തള്ളിക്കളയാതെ, താഴ്മയോടെ സ്വീകരിക്കുന്നതാണ് ബുദ്ധി.

നമ്മുടെ ജീവിതത്തിൽ എടുക്കുന്ന ഓരോ തീരുമാനവും ശരിയായിരിക്കണം. അതിന് അനുഭവസമ്പന്നരായവരുടെ നല്ല ആലോചന

വളരെ ആവശ്യമാണ്. നല്ല ആലോചനകൾ കേട്ട് നടക്കുമ്പോൾ പല തെറ്റുകളിൽ നിന്നും പ്രശ്നങ്ങളിൽ നിന്നും രക്ഷപ്പെടാൻ സാധിക്കും.

"വകതിരിവ് നിന്നെ കാക്കും; വിവേകം നിന്നെ സൂക്ഷിക്കും" (സദൃ. 2:11).

തിമൊഥെയൊസ് ചെറുപ്പകാലത്ത് പൗലൊസ് നൽകിയ നല്ല ഉപദേശങ്ങളും ശാസനകളും മനസ്സോടെ സ്വീകരിച്ചു. അതിന്റെ ഫലമായി, തെറ്റായ ഉപദേശങ്ങളിൽ നിന്നും യൗവന മോഹങ്ങളിൽ നിന്നും തന്നെത്താൻ കാത്തുസൂക്ഷിച്ചുകൊണ്ട്, വിശ്വാസികൾക്ക് മാതൃകയായ ഒരു യുവാവായി അവൻ ശോഭിച്ചു.




"കർത്താവിന്റെ ദാസൻ ശണ്ഠ ഇടാതെ എല്ലാവരോടും ശാന്തനും ഉപദേശിപ്പാൻ സമർത്ഥനും ദോഷം സഹിക്കുന്നവനുമായി അത്രേ ഇരിക്കേണ്ടത്" (2 തിമൊ.2:24) എന്ന പൗലൊസിന്റെ ഉപദേശപ്രകാരം അവൻ ജീവിച്ചു.

തന്റെ യൗവനകാലത്ത് പൗലൊസിന്റെ ഉപദേശങ്ങൾ സ്വീകരിച്ചതുകൊണ്ട്, പിന്നീട് തിമൊഥെയൊസ് സഭയെ നയിക്കാനുള്ള ജ്ഞാനമുള്ള ഒരു നേതാവായി ഉയർത്തപ്പെട്ടു. സ്വഭാവേന ഭയമുള്ള ഒരു വ്യക്തിയായിരുന്ന അവന്, എഫസോസ് സഭയെ നയിക്കാനുള്ള ചുമതല വന്നപ്പോൾ, പല വെല്ലുവിളികളും എതിർപ്പുകളും ഉണ്ടായി. എന്നാൽ പൗലൊസ് നൽകിയ ഉപദേശങ്ങൾ അവന് ധൈര്യം നൽകി. അതിലൂടെ അവൻ പിന്മാറാതെ വിശ്വാസികളെ ശരിയായ മാർഗ്ഗത്തിൽ നയിച്ചു. കൂടാതെ, സഭകളിൽ തെറ്റായ ഉപദേശങ്ങൾ കടക്കാതെ സൂക്ഷിക്കുകയും, സത്യം ധൈര്യത്തോടെ പ്രസംഗിക്കുകയും ചെയ്ത് വിശ്വസ്തനായ ഒരു ദൈവദാസനായി നിലകൊണ്ടു.

**പ്രിയപ്പെട്ട യൗവനക്കാരെ, നിങ്ങളുടെ യൗവനത്തിന്റെ വേഗതയോടൊപ്പം അനുഭവസമ്പന്നരുടെ വിവേകത്തെയും, കർത്താവിന്റെ ഉപദേശത്തെയും ചേർത്തുവയ്ക്കുവിൻ. അത് അപകടകരമായ സാഹചര്യങ്ങളിൽ നിന്ന് നിങ്ങളെ കാത്തുസൂക്ഷിക്കുകയും, നല്ലൊരു ഭാവിയെ ലക്ഷ്യമാക്കി നയിക്കുകയും ചെയ്യും. ചെറുപ്പകാലത്ത് നിങ്ങൾ പ്രകടിപ്പിക്കുന്ന താഴ്മയും, നല്ല ഉപദേശങ്ങൾ കേട്ടുനടക്കാനുള്ള മനഃപക്വതയുമാണ് നിങ്ങളെ ഭാവിയിലെ മികച്ച നേതാക്കളാക്കി മാറ്റുന്നത്!**


# ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

**Trivandrum**
യേശു വിടുവിക്കുന്നു ആഗോള ഉണർവ് പ്രാർത്ഥനാ കേന്ദ്രം
KVR - 247, മുളവന ജംഗ്ഷൻ,
തേക്കുംമൂട്, കണ്ണമ്മൂല റോഡ്,
തിരുവനന്തപുരം - 695035
Office Time 9:30 A.M. - 5:30 P.M.
Ph: 92497 18266, 0471-233 1392.

**Kochi**
Chandrasseri House,
Madaplathuroth,
Moothakunnam - 683 516,
Kochi,
Kerala State.

**Kottayam**
2nd Floor,
Aswathy Tower,
Thekkumgopuram - 686 001,
Kottayam, Kerala State.
Office Time 10:00 A.M. - 6:00 P.M.
Mob: 94967 44001, 99463 00001.



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

**തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.**

# നിബിഡ വനത്തിൽ പ്രകാശിച്ച സമാധാനത്തിന്റെ കുഞ്ഞ്!!

ആഫ്രിക്കൽ മിഷനറിയായ ഡോൺ റിച്ചാർഡ്സന്റെ ഹൃദയത്തിൽ ചെറുപ്പം മുതൽ എനിക്ക് ആ ജനങ്ങളുടെ മദ്ധ്യത്തിലേക്ക് പോകണം എന്നൊരു ആഗ്രഹം ഉണ്ടായിരുന്നു. ഇതേ ആഗ്രഹം തന്നെയാണ് അദ്ദേഹത്തിന്റെ ഭാര്യയായ കരോൾ റിച്ചാർഡ്സനും ഉണ്ടായിരുന്നത്. 1962ൽ ഡോണും കരോളും തങ്ങളുടെ കുഞ്ഞുമായി ന്യൂഗിനിയയിൽ താമസിക്കുന്ന സാവി ഗോത്രവർഗ്ഗക്കാർക്കിടയിൽ മിഷനറി ശുശ്രൂഷ ചെയ്യുന്നതിനായി യാത്ര തിരിച്ചു.

സാവി ജനങ്ങൾ വളരെ ക്രൂരമായ ആചാരങ്ങൾ ഉള്ളവരായിരുന്നു. മനുഷ്യരുടെ തലയോട്ടികൾ വേട്ടയാടുക, നരഭോജനം നടത്തുക, സുഹൃത്തുക്കളെപ്പോലെ അഭിനയിച്ച ശേഷം വഞ്ചിച്ചുകൊല്ലുക തുടങ്ങിയ പ്രവൃത്തികൾ അവർ വീരത്വത്തിന്റെ അടയാളങ്ങളായി കരുതിയിരുന്നു. നിബിഡ വനങ്ങൾ, ചതുപ്പുകൾ, മലേറിയ, മുതലകൾ, വിഷപ്പാമ്പുകൾ എന്നിവ നിറഞ്ഞ പ്രദേശത്തായിരുന്നു അവർ ജീവിച്ചിരുന്നത്. ഇങ്ങനെയുള്ള ഒരു സ്ഥലത്തേക്ക് നിങ്ങൾ എങ്ങനെയാണ് പോകുന്നത് എന്ന് പലരും ചോദിച്ചു. എന്നാൽ ഡോൺ ഒരു കാര്യം മാത്രം ദൃഢമായി വിശ്വസിച്ചു. കർത്താവ് തന്നെയാണ് തങ്ങളെ വിളിച്ചതെങ്കിൽ, അവിടുന്ന് തീർച്ചയായും സംരക്ഷിക്കും.

ഒരു ദിവസം ഡോൺ തന്റെ ഭാര്യയോടും രണ്ട് ചെറിയ കുഞ്ഞുങ്ങളോടുമൊപ്പം വള്ളത്തിൽ നദിയിലൂടെ യാത്ര ചെയ്യുകയായിരുന്നു. പെട്ടെന്ന് വള്ളത്തിന്റെ എഞ്ചിൻ കേടായി. മുതലകൾ നിറഞ്ഞ ആഴമുള്ള വെള്ളത്തിൽ എല്ലാവരും മുങ്ങാൻ തുടങ്ങി. ആ നിമിഷത്തിൽ ഡോൺ, ദൈവമേ, സഹായിക്കണമേ എന്ന് ഉറക്കെ പ്രാർത്ഥിച്ചു. കർത്താവിന്റെ അത്ഭുതകരമായ ഇടപെടൽ കാരണം തനിക്കും ഭാര്യയ്ക്കും കുഞ്ഞുങ്ങൾക്കും ജീവൻ തിരികെ ലഭിച്ചു. അന്ന് ദൈവം തന്റെ ദാസന്മാരെ കൈവിടില്ല എന്ന് അദ്ദേഹം വീണ്ടും അനുഭവത്തിലൂടെ തിരിച്ചറിഞ്ഞു.

അതിനുശേഷം പുസ്തകങ്ങളോ, ലിപിയോ, വിവർത്തകരോ ഇല്ലാതെ റിച്ചാർഡ്സൺ ദമ്പതികൾ സാവി ഭാഷ പഠിക്കാൻ തുടങ്ങി. വളരെ സങ്കീർണ്ണമായ ആ ഭാഷയിലെ ഓരോ ക്രിയയ്ക്കും 19 കാലഭേദങ്ങൾ ഉണ്ടായിരുന്നു. ദിവസവും 8 മുതൽ 10 മണിക്കൂർ വരെ അവർ പഠനത്തിനായി ചെലവഴിച്ചു. ഡോൺ ആ ഭാഷയിൽ പ്രാവീണ്യം നേടി. അവരുടെ കഠിനാധ്വാനത്തിന്റെ ഫലമായി സാവി ഭാഷയ്ക്ക് ഒരു എഴുത്തുരീതി രൂപീകരിക്കപ്പെടുകയും, പിന്നീട് പുതിയ നിയമം ആ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെടുകയും ചെയ്തു.

പല വർഷങ്ങളുടെ കഠിനാധ്വാനത്തിന് ശേഷം, യേശുക്രിസ്തുവിന്റെ സ്നേഹവും കാരുണ്യവും അവർക്ക് മനസ്സിലാകാൻ തുടങ്ങി.



എന്നാൽ ഒരു വലിയ പ്രതിസന്ധി നേരിട്ടു... യേശുവിനെ ഒറ്റിക്കൊടുത്ത യൂദാ ഈസ്കര്യോത്തായുടെ കഥ പറഞ്ഞപ്പോൾ, 'യൂദാ യഥാർത്ഥ വീരനാണ്' എന്ന് അവർ മഹത്വപ്പെടുത്തി. കാരണം, 'വഞ്ചിച്ച് വിജയിക്കുക' എന്നത് അവരുടെ സംസ്കാരത്തിൽ പ്രശംസനീയമായ ഒരു കാര്യമായിരുന്നു.

ഇത് കണ്ട് ഡോൺ, ഈ ജനങ്ങൾക്ക് എങ്ങനെ സുവിശേഷം മനസ്സിലാക്കിക്കൊടുക്കാൻ കഴിയും എന്ന് മനമുരുകി കണ്ണുനീരോടെ കർത്താവിനോട് പ്രാർത്ഥിച്ചു.

ആ സമയത്ത്, സാവി ജനങ്ങളുടെ രണ്ട് ഗ്രാമങ്ങൾക്കിടയിൽ നടക്കുന്ന ഒരു സമാധാന ഉടമ്പടി ഡോൺ അത്ഭുതത്തോടെ ശ്രദ്ധിച്ചു. ഒരു ഗ്രാമത്തലവൻ തന്റെ കൊച്ചു കുഞ്ഞിനെ എതിർ ഗ്രാമത്തിന്റെ തലവന് കൈമാറി. അതുപോലെ മറ്റേ തലവനും തന്റെ കുഞ്ഞിനെ അവർക്ക് നൽകി. ഈ കുഞ്ഞുങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം കാലം ഇരു ഗോത്രങ്ങളും പരസ്പരം പോരാടില്ല. ഈ കുഞ്ഞുങ്ങൾ സമാധാനത്തിന്റെ കുഞ്ഞുങ്ങൾ എന്ന് വിളിക്കപ്പെട്ടു.

ഈ കാഴ്ച കണ്ട ഡോണിന്റെ മനസ്സിൽ പെട്ടെന്ന് ഒരു പുതിയ വെളിച്ചം അനുഭവപ്പെട്ടു. ഇതിനെക്കുറിച്ച് പിന്നീട് സാവി ജനങ്ങളോട് സംസാരിച്ചപ്പോൾ,

മനുഷ്യർക്കും ദൈവത്തിനും ഇടയിൽ സമാധാനം സ്ഥാപിക്കുന്നതിനായി ദൈവം തന്റെ ഏക ജാതനായ യേശുക്രിസ്തുവിനെ ഈ ലോകത്തിലേക്ക് അയച്ചു. യേശുവാണ് ദൈവം നൽകിയ യഥാർത്ഥ സമാധാനത്തിന്റെ കുഞ്ഞ് എന്ന് അദ്ദേഹം വിവരിച്ചു. അപ്പോൾ അവരുടെ കണ്ണുകൾ തുറന്നു. യേശുവിന്റെ ത്യാഗത്തെക്കുറിച്ചും, യൂദാ ചെയ്ത ദ്രോഹം എത്ര വലിയ കുറ്റമാണെന്നും അവർക്ക് മനസ്സിലായി. ചില ദിവസങ്ങൾക്കുള്ളിൽ അനേകർ യേശുക്രിസ്തുവിനെ സ്വന്തരക്ഷകനായി സ്വീകരിച്ചു. ആഭിചാരം ചെയ്യുന്നവരും, ക്രൂരന്മാരും, നരഭോജികളും ആയിരുന്ന അവർ തങ്ങളുടെ പഴയ ജീവിതം പൂർണ്ണമായി ഉപേക്ഷിച്ചു.

1972ൽ സമാധാനത്തിന്റെ കുഞ്ഞ് എന്ന പേരിൽ ഒരു വലിയ പുസ്തകം എഴുതപ്പെട്ടു. ദൈവത്തിന്റെ വിളിക്ക് അനുസരണയോടെ കീഴടങ്ങിയ ഒരൊറ്റ മനുഷ്യന്റെ ജീവിതം, ഒരു ഗോത്രത്തിന്റെ ചരിത്രത്തെ മുഴുവൻ മാറ്റിമറിച്ചതായി നാം കാണുന്നു.

**ഇന്നും മിഷനറിമാർ ലോകത്തിന്റെ പല ഭാഗങ്ങളിലും ധാരാളം പ്രതിസന്ധികൾക്കിടയിലും ജീവിക്കുന്നു. സാവി ഗോത്രത്തോട് ഡോൺ റിച്ചാർഡ്സൺ ചെയ്തതുപോലെ, അവരോടൊപ്പം ജീവിച്ചുകൊണ്ട് അവരിലേക്ക് സ്നേഹത്തെ എത്തിക്കാൻ നമുക്ക് സാധിക്കുമോ?**

"അവൻ നമ്മുടെ സമാധാനം"
(എഫെസ്യർ 2:14).



# പരാജയം അല്ല.... പുതിയ തുടക്കം!




ഞാൻ കോളേജിൽ ഒന്നാം വർഷം പഠിക്കുന്നു. ഞാൻ  സ്കൂളിൽ പഠിച്ചിരുന്നപ്പോൾ എപ്പോഴും ക്ലാസിൽ ഒന്നാം സ്ഥാനം നേടുന്ന വിദ്യാർത്ഥിനിയായിരുന്നു .  ഇപ്പോൾ കോളേജിൽ ഫസ്റ്റ് ഗ്രൂപ്പെടുത്ത് നന്നായി പഠിച്ചുവരുന്നു. ഞങ്ങളുടെ വീട്ടിൽ സാമ്പത്തിക സൗകര്യങ്ങൾ കുറവാണ്.  അതുകൊണ്ട് മറ്റ് പെൺകുട്ടികളെ അപേക്ഷിച്ച് എന്റെ വസ്ത്രധാരണം വളരെ ലളിതമായിരിക്കും.  എന്നാൽ എന്നോടൊപ്പം പഠിക്കുന്ന കൂട്ടുകാരെല്ലാം നല്ല സാമ്പത്തിക ശേഷിയുള്ള കുടുംബത്തിൽ നിന്നുള്ളവരാണ്. അവർ ഭൂരിഭാഗവും സ്വന്തം കാറിലാണ് കോളേജിൽ വരുന്നത്.  എന്നാൽ ഞാൻ സാധാരണ വസ്ത്രം ധരിച്ച്, ബസ്സിൽ യാത്ര ചെയ്താണ് വരുന്നത്.

ഇതുകാരണം എന്റെ അധ്യാപകർ എന്നെ എപ്പോഴും താഴ്ത്തിക്കെട്ടാനും, എല്ലാവരുടെയും മുന്നിൽ വച്ച് അപമാനിക്കുന്ന രീതിയിൽ പെരുമാറാനും തുടങ്ങി. ഇത് എനിക്ക് വലിയ വിഷമം ഉണ്ടാക്കുന്നുണ്ട്.  ഇതു നിമിത്തം പഠനത്തിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ എനിക്ക് കഴിയുന്നില്ല.  എന്നെ അകറ്റി മാറ്റിനിർത്തിയ ആ അധ്യാപകൻ, അദ്ദേഹത്തിന്റെ വിഷയത്തിൽ എന്നെ തോൽപ്പിക്കുകയും ചെയ്തു.

ഇതുകാരണം ഒരു വശത്ത് നിരാശയും, മറുവശത്ത് വേദനയും എന്നെ വല്ലാതെ അലട്ടുന്നു. അതുകൊണ്ട് കോളേജിൽ പോകുന്നത് തന്നെ ഞാൻ നിർത്തിവച്ചു.  ഞങ്ങളുടെ കുടിൽ വീടിനെ ഒരു ബഹുനില വീടായി മാറ്റണം.  ഒരു തവണയെങ്കിലും എന്റെ മാതാപിതാക്കളെ വിമാനത്തിൽ കൊണ്ടുപോകണം എന്നത് മാത്രമാണ് എന്റെ സ്വപ്നം.  എന്നാൽ അധ്യാപകന്റെ ഈ സമീപനം എന്റെ സ്വപ്നങ്ങളിലെല്ലാം മണ്ണ് വാരിയിട്ടത് പോലെയാണുള്ളത്.  ഞാൻ ഇനി എന്താണ് ചെയ്യേണ്ടത് ? - **സുബി, കരൂർ.**

പ്രിയപ്പെട്ട സഹോദരി,

ഈ  കത്തിലൂടെ നിങ്ങളുടെ മാനസിക വിഷമവും വേദനയും നന്നായി മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. ചില അധ്യാപകരുടെ അശ്രദ്ധ കാരണം മിടുക്കരായ പല വിദ്യാർത്ഥികളും മാനസികമായി ബാധിക്കപ്പെടുന്നുണ്ട്. സുബി, നിങ്ങൾക്ക് നേരിട്ടിരിക്കുന്ന അപമാനവും അവഗണനയും എനിക്ക് തിരിച്ചറിയാൻ കഴിയുന്നു. ഈ വേദന നിറഞ്ഞ സാഹചര്യത്തെ നേരിടാൻ നിങ്ങൾക്ക് രണ്ട് വഴികളിൽ ഏതെങ്കിലും ഒന്ന് തിരഞ്ഞെടുക്കാം.

ഒന്ന്, മാനോവേദനയിൽ തളർന്നുപോകാം

മറ്റൊന്ന്, അതിൽ നിന്ന് ഉയിർത്തെഴുന്നേറ്റ് മുന്നേറാം.

ഇപ്പോൾ നിങ്ങളുടെ മുന്നിൽ രണ്ട് ഓപ്ഷനുകളുണ്ട്.

**Option – 1**

അധ്യാപകന്റെ വേദനിപ്പിക്കുന്ന വാക്കുകളാൽ മനസ്സ് തകർന്ന്, 'ഈ പഠനം നിമിത്തം എനിക്ക് വേദനയും അപമാനവും മാത്രമേ ലഭിക്കുന്നുള്ളൂ' എന്ന് ചിന്തിച്ച് വീട്ടിൽ തന്നെ ഇരിക്കാം.

**Option - 2**

**താൽക്കാലികമായ ഈ തടസ്സങ്ങളെയും വേദനിപ്പിക്കുന്ന വാക്കുകളെയും മുന്നോട്ട് കുതിക്കാനുള്ള ചവിട്ടുപടികളാക്കി മാറ്റി, പഠനത്തിൽ മികവ് പുലർത്താം. കൂടാതെ, നിങ്ങളുടെ സ്വപ്നമായ ആ വലിയ വീട് നിർമ്മിച്ച്, നിങ്ങളുടെ മാതാപിതാക്കളെ വിമാനത്തിൽ കൊണ്ടുപോകുക എന്ന ലക്ഷ്യം തീർച്ചയായും നേടിയെടുക്കാം.**



### ഒന്നാമത്തെ ഓപ്ഷനിൽ തുടർന്നാൽ..

കോളേജിൽ പോകേണ്ട ആവശ്യമില്ല എന്ന ചിന്ത താൽക്കാലികമായി മനസ്സിന് സമാധാനം നൽകിയേക്കാം. ആ പ്രശ്നത്തിന് പെട്ടെന്ന് തന്നെ പരിഹാരം കണ്ടെത്തി എന്ന് തോന്നിയേക്കാം.

എന്നാൽ വിദ്യാഭ്യാസം എന്നത് ജീവിതത്തിന് ഏറ്റവും അത്യാവശ്യമായ ഒന്നാണ്. അതിനെ അവഗണിച്ചാൽ, അത് ഭാവിയിൽ നിങ്ങളുടെ ജീവിതത്തെത്തന്നെ ചോദ്യചിഹ്നമാക്കി മാറ്റും.

കോളേജിൽ പോയി അപമാനിതയാകുന്നതിനേക്കാൾ നല്ലത് വീട്ടിൽ തന്നെ ഇരിക്കുന്നതാണ് എന്ന തീരുമാനം താൽക്കാലികമായി പ്രശ്നങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറാൻ സാഹായിച്ചേക്കാം. എന്നാൽ അത് ഒരിക്കലും ശാശ്വതമായ പരിഹാരമാകില്ല.

### രണ്ടാമത്തെ ഓപ്ഷൻതിരഞ്ഞെടുത്താൽ...

നിങ്ങളെ അവഗണിക്കുന്ന അധ്യാപകനോട് ശാന്തമായും വിനയത്തോടെയും സംസാരിക്കാൻ ഒരു അവസരം ലഭിക്കുകയാണെങ്കിൽ, നിങ്ങളുടെ മനോവിഷമം അദ്ദേഹത്തോട് തുറന്ന് പറഞ്ഞുനോക്കൂ. അദ്ദേഹം നിങ്ങളെ മനസ്സിലാക്കാൻ ഒരുപക്ഷേ അത് കാരണമായേക്കാം.

ഏത് അധ്യാപകനാണോ നിങ്ങളെ തോൽപ്പിച്ചത്, ആ വിഷയത്തിൽ തന്നെ ഇനിയും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് പഠിക്കുക. കഠിനാധ്വാനത്തിലൂടെ നിങ്ങൾ നല്ല മാർക്ക് വാങ്ങുമ്പോൾ, അത് നിങ്ങളെക്കുറിച്ചുള്ള നല്ലൊരു മനോഭാവം അദ്ദേഹത്തിന് ഉണ്ടാക്കും.

അധ്യാപകൻ എന്നത് നമ്മൾ ഉയരങ്ങളിലേക്ക് വളരാൻ സഹായിക്കുന്ന ഏണി പോലെയാണ്. ചില സമയങ്ങളിൽ ആ ഏണി തന്നെ തടസ്സമായി നിൽക്കുന്നത് വേദന നൽകിയേക്കാം. എന്നാൽ ആ തടസ്സങ്ങളെ ചവിട്ടുപടികളാക്കി മാറ്റുന്നത് നിങ്ങളുടെ കൈകളിൽ




മാത്രമാണുള്ളത്. അവർ പ്രതീക്ഷിച്ചതിനേക്കാൾ കൂടുതൽ ശ്രദ്ധ ആ വിഷയത്തിൽ ചെലുത്തിയാൽ, തീർച്ചയായും ഉയർന്ന മാർക്കുകൾ നേടിയെടുക്കാൻ നിങ്ങൾക്ക് സാധിക്കും.

കൂടാതെ, നിങ്ങളുടെ രണ്ട് വലിയ സ്വപ്നങ്ങളായ ആ ബഹുനില വീട് നിർമ്മിക്കുക, വിമാനത്തിൽ യാത്ര ചെയ്യിക്കുക എന്നിവ യാഥാർത്ഥ്യമാകണമെങ്കിൽ, വിദ്യാഭ്യാസം അത്രമേൽ അത്യാവശ്യമാണ്. ആവശ്യമുള്ള ഇടങ്ങളിൽ കൂട്ടുകാരുടെ സഹായം തേടിക്കൊണ്ട്, നിങ്ങൾക്ക് മാറ്റാൻ സാധിക്കുന്ന കാര്യങ്ങളെ മാറ്റാൻ ശ്രമിക്കുക. കാലക്രമേണ ആ അധ്യാപകന്റെ സമീപനത്തിലും മാറ്റം വരാൻ സാധ്യതയുണ്ട്.

സുബി, ജീവിതത്തിൽ ഒഴുക്കിനെതിരെ നീന്തുക എന്നത് എളുപ്പമുള്ള കാര്യമല്ല. എന്നാൽ ദൃഢനിശ്ചയത്തോടെ ഒരു തീരുമാനമെടുത്ത് കഴിഞ്ഞാൽ, നമ്മൾ എത്തിച്ചേരേണ്ട ലക്ഷ്യത്തിലേക്ക് നമുക്ക് തുടർന്ന് യാത്ര ചെയ്യാൻ സാധിക്കും.

ചില സമയങ്ങളിൽ, ആരെങ്കിലും വന്ന് നമ്മളെ ആശ്വസിപ്പിക്കും, പ്രോത്സാഹിപ്പിക്കും എന്ന് നമ്മൾ കാത്തിരുന്നേക്കാം. എന്നാൽ ജീവിതത്തിലെ പല സാഹചര്യങ്ങളിലും, നമ്മൾ സ്വയം എഴുന്നേറ്റ്, നമ്മളെത്തന്നെ പ്രോത്സാഹിപ്പിച്ചുകൊണ്ട് മുന്നോട്ട് പോകേണ്ടതുണ്ട്.

സുബി, നിങ്ങൾ ഇന്ന് എടുക്കുന്ന ആ തീരുമാനം, നിങ്ങളുടെ ജീവിതത്തിൽ ഒരു പുതിയ തുടക്കമായി മാറട്ടെ. അത് മാത്രമല്ല, നിങ്ങളെപ്പോലെയുള്ള അനേകം പെൺകുട്ടികൾക്ക് നിങ്ങൾ ഒരു മികച്ച മാതൃകയായി മാറുകയും ചെയ്യും. ഇന്ന് ഈ പ്രാർത്ഥന ഏറ്റുപറയുവിൻ:

**"കർത്താവേ, എന്നെ അനുഗ്രഹിച്ച്, എന്റെ അതിരുകൾ വിശാലമാക്കേണമേ. അങ്ങയുടെ കരം എന്നോടൊപ്പം ഉണ്ടായിരിക്കുകയും, യാതൊരുവിധ തിന്മകളും പരാജയങ്ങളും ദുഃഖങ്ങളും എന്നെ ബാധിക്കാത്ത വണ്ണം എന്നെ കാത്തുരക്ഷിക്കേണമേ".**

**യേശുക്രിസ്തു നിങ്ങൾക്ക് ശക്തിയും ജ്ഞാനവും വിജയവും നൽകട്ടെ!**

**All The Best!**

# ക്രിസ്തുവിന്റെ പ്രബോധനങ്ങൾ യഥാർത്ഥ സന്തോഷം

(യേശുവും ഈ വഴിയില

ഓരോ ചുവടുവയ്പ്പിലും പാലി

"മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിക്കുന്നതൊ

**നമ്മുടെ മാതൃക:** "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ

## 1. ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ



വേദപുസ്തകത്തിൽ:

(ലൂക്കൊസ് 18:13 - ചുങ്കക്കാരൻ)

തന്റെ ആത്മീയ ദാരിദ്ര്യം മനസ്സിലാക്കി ദൈവകൃപയിൽ പൂർണ്ണമായും ആശ്രയിച്ചതുകൊണ്ട്, അവൻ സ്വർഗ്ഗീയ അനുഗ്രഹം സ്വീകരിച്ച് സന്തോഷത്തോടെ കടന്നുപോയി.

യേശുവിന്റെ മാതൃക: ഫിലിപ്പിയർ 2:7

സമ്മാനം: സ്വർഗരാജ്യം

## 2. ദുഃഖിക്കുന്നവർ



(മ

തന്റെ തെറ്റ് മന

അനുഭവിച്ച

ആശ്വാസം പ്രാ

ക്രിസ്തു

യേശുവിന്റെ

സമ്മാനം:ദൈവത്ത

## 6. ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ



വേദപുസ്തകത്തിൽ:

(യോഹന്നാൻ 1:47 - നഥനയേൽ)

ഗൂഢലക്ഷ്യങ്ങളും വഞ്ചനയും ഉപേക്ഷിച്ച്, സത്യസന്ധതയോടും ശുദ്ധ ഹൃദയത്തോടുംകൂടെ ജീവിച്ചതുകൊണ്ട്, അവൻ കർത്താവിനെ അറിയുകയും സന്തോഷത്തോടെ കർത്താവിനെ അനുഗമിക്കുകയും ചെയ്തു.

യേശുവിന്റെ മാതൃക: മത്തായി 4:10

സമ്മാനം: ദൈവത്തെ അറിയാനുള്ള ഭാഗ്യം

## 5. കരുണയുള്ളവർ



വേദപ

(ലൂക്കെ

താൻ

കൃപ,

എന്നി

പ്രകടി

നിന്ന്

യേശു

യോഹ

സമ്മാനം: കർത്താ

## 7. സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ



വേദപുസ്തകത്തിൽ:

(അപ്പൊ.പ്രവർത്തികൾ 4:36;9:26-27 - ബർണബാസ്) തകർന്നതും വേർപിരിഞ്ഞതും നിരുത്സാഹപ്പെട്ടതുമായ ബന്ധങ്ങളിൽ ദൈവത്തിന്റെ സമാധാനം കൊണ്ടുവന്നതുകൊണ്ട്, സന്തോഷത്തോടെ പ്രധാന ശുശ്രൂഷയിൽ പങ്കെടുത്തു.

യേശുവിന്റെ മാതൃക: യെശയ്യാവ് 53:4-5 യിരെമ്യാവ് 2:14

സമ്മാനം: ദൈവത്തിന്റെ പുത്രന്മാർ എന്ന പദവി

## 8. നീതി



സമ്മാനം: യേ

# കൈവരിക്കാനുള്ള ഒരു ആത്മീയ യാത്ര

ൂടെയാണ് സഞ്ചരിച്ചത്)

ക്കണ്ടേ സുവർണ്ണ നിയമം

ൊക്കയും നിങ്ങൾ അവർക്കും ചെയ് വിൻ" (മത്തായി 7:12)

എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ" (മത്തായി 11:29)



ഭാഗ്യവാന്മാർ

വേദപുസ്തകത്തിൽ:
ത്തായി 26:75 - പത്രൊസ്)
സ്സിലാക്കി, ദൈവിക ദുഃഖം
തുകൊണ്ട്, ദൈവത്തിന്റെ
പിച്ചു, സന്തോഷത്തോടെ
ുവിന്റെ പാതയിൽ നടന്നു.
മാതൃക: ലൂക്കൊസ് 19:41

ിന്റെ ആശ്വാസം

## 3. സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ



വേദപുസ്തകത്തിൽ:
(ലൂക്കൊസ് 1:38 - നസറെത്തിലെ മറിയ)
ദൈവത്തിന്റെ സമയത്തിലും ഉദ്ദേശ്യത്തിലും വിശ്വസിച്ച്, കന്യകയായിരുന്നിട്ടും അവൾ ദൈവഹിതം സൗമ്യതയോടെ സ്വീകരിച്ചതുകൊണ്ട്, പിന്നീട് ദൈവത്തിന്റെ സന്തോഷം അനുഭവിച്ചു.
യേശുവിന്റെ മാതൃക: 1 പത്രൊസ് 2:23


സമ്മാനം:സ്വാതന്ത്ര്യം

ഭാഗ്യവാന്മാർ

ുസ്തകത്തിൽ:
ൊസ്10 - നല്ല ശമര്യക്കാരൻ)
യേശുവിൽ നിന്ന് അനുഭവിച്ച
മനസ്സലിവ്, അനുകമ്പ, സ്നേഹം
വ മറ്റുള്ളവരോട്
പ്പിച്ചതുകൊണ്ട്, ദൈവത്തിൽ
കരുണ പ്രാപിച്ചു.
വിന്റെ മാതൃക:
ന്നാൻ 8:1-11

വിന്റെ കരുണ

## 4. നീതിക്കുവേണ്ടി വിശന്നു ദാഹിക്കുന്നവർ ഭാഗ്യവാന്മാർ



വേദപുസ്തകത്തിൽ:
(യോഹന്നാൻ 4 - ശമര്യസ്ത്രീ)
ആഗ്രഹത്തോടെ അവൾ ജീവജലം അന്വേഷിച്ചതുകൊണ്ട്, ആത്മദാഹം ശമിക്കുകയും, സംതൃപ്തയായി, സന്തോഷത്തോടെ അവൾ സുവാർത്ത അറിയിക്കാൻ ഓടി.
യേശുവിന്റെ മാതൃക മത്തായി 4:4

സമ്മാനം: ആത്മ സംതൃപ്തി

നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ ഭാഗ്യവാന്മാർ



വേദപുസ്തകത്തിൽ:
(അപ്പൊ.പ്രവർത്തികൾ 7 - സ്തെഫാനൊസ്)
നിത്യമായ പ്രതിഫലം സ്വർഗത്തിലാണെന്ന് അറിഞ്ഞ്, എല്ലാ കഷ്ടപ്പാടുകളും, തിരസ്കരണങ്ങളും, നിന്ദകളും സഹിച്ച്, യേശുവിനെപ്പോലെ സന്തോഷത്തോടെ തന്റെ ഓട്ടം പൂർത്തിയാക്കി.
യേശുവിന്റെ മാതൃക: എബ്രായർ 12:2

ശുവിനോടൊപ്പം നിത്യജീവൻ

## ഓർത്തുകൊൾവിൻ ...

യാത്ര കഠിനമാണ്..! എന്നാൽ, ഈ ആത്മീയ താക്കോലുകളുമായി നമുക്ക് മുന്നോട്ട് പോകാം! യേശുവിനെപ്പോലെയാകാം! **രാജാക്കന്മാരുടെ രാജാവിനോടൊപ്പം എന്നേക്കും സന്തോഷിക്കാം!**

# സമ്മർദ്ദത്തിന്റെ കീഴിൽ



Hi friends, എല്ലാവരും സുഖമായിരിക്കുന്നോ? ഈ മാസം വീണ്ടും നിങ്ങളെ കാണാൻ കഴിഞ്ഞതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. ഈ പംക്തി നിങ്ങൾക്ക് ഉപകാരപ്രദമാണെന്ന് ഞാൻ വിശ്വസിക്കുന്നു.

ഈ മാസം, ഉയർന്ന സമ്മർദ്ദകരമായ സാഹചര്യങ്ങളിൽ വജ്രം എങ്ങനെ രൂപപ്പെടുന്നുവെന്ന് നാം കാണാൻ പോകുന്നു. വരൂ, പരമ്പരയിലേക്ക് കടക്കാം .....

ശുദ്ധമായ കാർബൺ ആറ്റങ്ങൾ കൊണ്ട് നിർമ്മിച്ച ഒരു പ്രകൃതിദത്ത ധാതുവാണ് വജ്രം. ഭൂമിയുടെ ഉള്ളിൽ (ഏകദേശം 150-200 കി.മീ. ആഴത്തിൽ) അതിശക്തമായ താപനിലയിലും മർദ്ദത്തിലും (900-1,300 ഡിഗ്രി സെൽഷ്യസ് താപനിലയിൽ 45,000-60,000 മടങ്ങ് മർദ്ദത്തിൽ) ഇത് രൂപം കൊള്ളുന്നു. ഈ അതിശക്തമായ താപനിലയും മർദ്ദവും കാർബൺ ആറ്റങ്ങളെ വളരെ ശക്തമായ ക്രിസ്റ്റൽ ഘടനയാക്കി മാറ്റുന്നു.

## വജ്രം വേർതിരിച്ചെടുക്കുന്ന രീതികൾ

### 1. തുറന്ന ഖനന രീതി



വജ്രം നിലത്തിന് തൊട്ടടുത്താണെങ്കിൽ, വലിയ യന്ത്രങ്ങളും സ്ഫോടകവസ്തുക്കളും ഉപയോഗിച്ച് മുകളിലുള്ള പാറകൾ നീക്കം ചെയ്ത് വജ്രങ്ങൾ വേർതിരിച്ചെടുക്കുന്നു.

### 2. ഭൂഗർഭ ഖനന രീതി



വജ്രം വളരെ ആഴത്തിലാണെങ്കിൽ, തുരങ്കങ്ങൾ നിർമ്മിച്ച് ആഴത്തിൽ നിന്ന് വേർതിരിച്ചെടുക്കുന്നു.

### 3. അലൂവിയൽ ഖനന രീതി



നദികളിലും കടൽത്തീരങ്ങളിലും മണലുമായി കലർന്നിരിക്കുന്ന വജ്രങ്ങൾ ഈ രീതിയിലാണ് വേർതിരിച്ചെടുക്കുന്നത്.

# വജ്രം ശുദ്ധീകരിക്കുന്ന ഘട്ടങ്ങൾ



### 1. പൊടിക്കൽ

വജ്രം അടങ്ങിയിരിക്കുന്ന വലിയ പാറകൾ യന്ത്രങ്ങളുടെ സഹായത്തോടെ പൊടിക്കുന്നു.

### 2. അരിക്കൽ / തരംതിരിക്കൽ

അതിനുശേഷം, അരിപ്പകൾ ഉപയോഗിച്ച് അവയെ അവയുടെ വലുപ്പത്തിനനുസരിച്ച് തരംതിരിക്കുന്നു.

### 3. സാന്ദ്രതയും സാങ്കേതികവിദ്യയും

വജ്രത്തിന് ഉയർന്ന സാന്ദ്രതയുള്ളതുകൊണ്ട്, മറ്റ് കല്ലുകളിൽ നിന്ന് അതിനെ എളുപ്പത്തിൽ വേർതിരിക്കാൻ കഴിയും. കൂടാതെ, വജ്രം പ്രകാശത്തെ സവിശേഷമായ രീതിയിൽ പ്രതിഫലിപ്പിക്കുന്നതിനാൽ, എക്സ്-റേ, ലേസർ സാങ്കേതികവിദ്യ എന്നിവ ഉപയോഗിച്ച് യന്ത്രങ്ങൾ അവയെ കൃത്യമായി കണ്ടെത്തുന്നു.

### 4. മുറിക്കലും മിനുക്കലും

പ്രകൃതിദത്തമായി ഖനികളിൽ നിന്ന് ലഭിക്കുന്ന വജ്രം ആരംഭത്തിൽ മനോഹരമായി തിളങ്ങാറില്ല. അത് ഒരു സാധാരണ കല്ല് പോലെയായിരിക്കും തോന്നുക. അതിന്റെ യഥാർത്ഥ ഭംഗി പുറത്തുകൊണ്ടുവരുന്നതിനായി, വിദഗ്ദ്ധർ വജ്രപ്പൊടി പുരട്ടിയ പ്രത്യേക വാളുകൾ ഉപയോഗിച്ച് വളരെ ശ്രദ്ധയോടെ അത് മുറിക്കുന്നു. ഓരോ വെട്ടും വളരെ കൃത്യതയോടെയാണ് ചെയ്യുന്നത്. കാരണം, ഒരു തെറ്റായ വെട്ട് വജ്രത്തിന്റെ മൂല്യം കുറച്ചേക്കാം.

മുറിച്ച ശേഷവും വജ്രം പൂർണ്ണമായി തിളങ്ങില്ല. അതിനെ പോളിഷിംഗ് വീലിൽ വച്ച്, വജ്രപ്പൊടിയുടെ സഹായത്തോടെ വളരെ സൂക്ഷ്മമായി മിനുക്കുന്നു. അപ്പോഴാണ് അത് പ്രകാശത്തെ ഏറ്റവും മനോഹരമായി പ്രതിഫലിപ്പിക്കുന്നത്.

### 5. ഗുണനിലവാരം നിശ്ചയിക്കൽ

വേർതിരിച്ചെടുത്ത വജ്രങ്ങളെ അവയുടെ ഭാരം, മുറിച്ചതിന്റെ ഗുണനിലവാരം, നിറം, ആന്തരിക ശുദ്ധി എന്നിവയുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു.

**"ഇതാ ഞാൻ നിന്നെ ഊതിക്കഴിച്ചിരിക്കുന്നു" (യെശയ്യാവ് 48:10).**

ഈ വചനത്തിൽ പറയുന്നതുപോലെ, വജ്രവും തുടക്കം മുതൽ ഭംഗിയുള്ളതോ തിളക്കമുള്ളതോ ആയിരിക്കില്ല. അതിനെ ശുദ്ധീകരിക്കുന്നതിലൂടെയും മിനുക്കുന്നതിലൂടെയുമാണ് അത് തിളക്കമുള്ളതും മൂല്യമേറിയതുമായി മാറ്റപ്പെടുന്നത്.

വജ്രം രൂപപ്പെടാൻ ഉയർന്ന താപനിലയും സമ്മർദ്ദവും ആവശ്യമാണ്. അതുപോലെ, നമ്മുടെ ജീവിതത്തിൽ വരുന്ന പരിശോധനകളും കഷ്ടതകളും നഷ്ടങ്ങളും നമ്മെ ദൈവത്തിനനുയോജ്യമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ പ്രക്രിയകളാണ്. എന്നാൽ, വജ്രത്തിന് ചുറ്റുമുള്ള പാറകളെ തകർക്കാതെ അതിനെ പുറത്തെടുക്കാൻ കഴിയില്ല. നമ്മിലുള്ള പഴയ പാപ സ്വഭാവം തകർക്കപ്പെടുമ്പോൾ മാത്രമേ ക്രിസ്തുവിന്റെ സാദൃശ്യം നമ്മിൽ വെളിപ്പെടാൻ ആരംഭിക്കുകയുള്ളൂ.

വജ്രം മുറിച്ച് മിനുക്കിയതിനുശേഷം മാത്രമേ കൂടുതൽ തിളക്കം പ്രതിഫലിപ്പിക്കുകയുള്ളൂ. അതുപോലെ, നാമും ക്രിസ്തുവിന്റെ പ്രകാശത്തെ ഈ ലോകത്തിന് മുന്നിൽ പ്രതിഫലിപ്പിക്കാൻ, ചില സമയങ്ങളിൽ കഠിനമായ പരിശോധനകളിലൂടെയും വേദനാനിർഭമായ സാഹചര്യങ്ങളിലൂടെയും കടന്നുപോകേണ്ടിവരും. ഒരു വജ്രം രൂപപ്പെടാൻ ദീർഘകാലവും കഠിനമായ ചൂടും കനത്ത സമ്മർദ്ദവും ആവശ്യമാണ്. അതുപോലെ, കർത്താവ് നമ്മുടെ ജീവിതത്തിൽ ചെയ്യുന്ന എല്ലാ പ്രവൃത്തികൾക്കും ക്ഷമ ആവശ്യമാണ്!

ഇന്ന് നിങ്ങൾ നേരിടുന്ന പരിശോധനകൾ നിങ്ങളുടെ ജീവിതത്തിന്റെ അവസാനമല്ല. കർത്താവ് നിങ്ങളെ വിലയേറിയ ഒരു 'ആത്മീയ വജ്രമായി' രൂപപ്പെടുത്തിയെടുക്കുകയാണ്. (തുടരും)

# വരുവിൻ പ്രാർത്ഥിക്കാം!

## സെപ്റ്റംബർ 2026

### തീവണ്ടി അപകടങ്ങൾ

തീവണ്ടി അപകടങ്ങൾ വർദ്ധിച്ചുവരുന്നത് പൊതുജനങ്ങൾക്കിടയിൽ ആശങ്ക ഉണ്ടാക്കുന്നുണ്ട്. ആസാമിലും (ജൂൺ 2026)ജാർഖണ്ഡിലും (ജൂലൈ 2026) ഈ അടുത്ത കാലത്തുണ്ടായ തീവണ്ടി അപകടങ്ങൾ തിരിച്ചറിഞ്ഞ്, സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി ഇന്ത്യൻ റെയിൽവേ കവച് 4.0 എന്ന ഓട്ടോമാറ്റിക് ട്രെയിൻ കൊളീഷൻ അവോയ്ഡൻസ് സിസ്റ്റം പല വഴികളിലും വിപുലീകരിച്ചു വരുന്നു. തുടർച്ചയായി ഉണ്ടാകുന്ന തീവണ്ടി അപകടങ്ങൾ തടയപ്പെടാനും, ഇന്ത്യൻ റെയിൽവേയിൽ ഉദ്യോഗസ്ഥർ ശ്രദ്ധയോടെ പ്രവർത്തിക്കാനും പ്രാർത്ഥിപ്പിൻ.



### സൈബർ കുറ്റകൃത്യങ്ങളും ഡിജിറ്റൽ തട്ടിപ്പുകളും

വ്യാജ ജോലി വാഗ്ദാനങ്ങൾ, നിക്ഷേപ തട്ടിപ്പുകൾ, ഒ.ടി.പി. തട്ടിപ്പുകൾ, Phishing Attack എന്നിവ വർദ്ധിച്ചുവരുന്നു. ഇതിൽ വിദ്യാർത്ഥികളും ജോലി അന്വേഷിക്കുന്നവരുമാണ് കൂടുതലായി ബാധിക്കപ്പെടുന്നത്. പൊതുജനങ്ങൾ ഇത്തരം ഓൺലൈൻ തട്ടിപ്പുകളിൽ നിന്ന് സംരക്ഷിക്കപ്പെടാനും, അവരുടെ വ്യക്തിഗത വിവരങ്ങളും പണവും സംരക്ഷിക്കപ്പെടാനും പ്രാർത്ഥിപ്പിൻ.



### കൃഷി

സെപ്റ്റംബർ മാസം ഖാരീഫ് വിളകളുടെ വളർച്ചയ്ക്കും പരിചരണത്തിനും വളരെ പ്രധാനപ്പെട്ട കാലയളവാണ്. ഈ സമയത്ത് നെല്ല്, കരിമ്പ്, പരുത്തി തുടങ്ങിയ വിളകൾ നന്നായി വളരുന്നതിന് ആവശ്യത്തിന് മഴ അനിവാര്യമാണ്. മഴ കുറയുകയോ അല്ലെങ്കിൽ അധികമായി പെയ്യുകയോ ചെയ്താൽ വിളകൾ നശിക്കാനും ഉത്പാദനം കുറയാനും സാധ്യതയുണ്ട്. അതുകൊണ്ട് മൺസൂൺ കൃത്യമായി ലഭിക്കണമെന്ന് കർഷകർ പ്രതീക്ഷയോടെ കാത്തിരിക്കുന്നു. രാജ്യത്തിന്റെ പല ഭാഗങ്ങളിലും വിളകൾ നാശനഷ്ടങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടാനും, മൺസൂൺ ശരിയായ സമയത്ത് ആവശ്യമായ അളവിൽ ലഭിക്കാനും, കർഷകർക്ക് അവരുടെ അധ്വാനത്തിന് അനുസരിച്ചുള്ള നല്ല വിളവും വരുമാനവും ലഭിക്കാനും പ്രാർത്ഥിപ്പിൻ.



### ഓൺലൈൻ മരുന്ന് വിൽപ്പന

അടുത്ത കാലത്ത് മധുര, തിരുച്ചിറപ്പള്ളി, കോയമ്പത്തൂർ എന്നിവിടങ്ങളിൽ ഡോക്ടറുടെ കുറിപ്പടിയില്ലാതെ വിൽക്കാൻ പാടില്ലാത്ത മരുന്നുകൾ, നൂറുകണക്കിന് ലഹരി ഗുളികകൾ, മരുന്നുകൾ, ഇൻജക്ഷനുകൾ എന്നിവ ഓൺലൈൻ വഴിയും കൊറിയർ സർവീസുകൾ വഴിയും നിയമവിരുദ്ധമായി വിൽപ്പന നടത്തിയ ഒരു സംഘത്തെ പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി. ഈ മരുന്നുകൾ യൗവനക്കാർക്കും, കോളേജ് വിദ്യാർത്ഥികൾക്കും, ഐ.ടി. ജീവനക്കാർക്കും വിതരണം ചെയ്തിരുന്നതായി അന്വേഷണത്തിൽ വ്യക്തമായിട്ടുണ്ട്. നിയമവിരുദ്ധമായി ലഹരി സ്വഭാവമുള്ള മരുന്നുകൾ വിൽപ്പന നടത്തുന്ന മാഫിയകൾ പൂർണ്ണമായും നശിച്ചുപോകാനായി പ്രാർത്ഥിപ്പിൻ.





## കൃത്രിമ ലഹരിവസ്തുക്കൾ

**LSD,Methamphetamine, Ketamine** തുടങ്ങിയ കൃത്രിമ ലഹരി വസ്തുക്കളുടെ ഉപയോഗം യൗവനക്കാർക്കിടയിൽ വർദ്ധിച്ചുവരുന്നു. ഈ ലഹരിവസ്തുക്കൾ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നതോടൊപ്പം, ആത്മഹത്യാ പ്രവണതയും ഉണ്ടാക്കുന്നു. ഇതിനെ തടയുന്നതിനായി സർക്കാരും വിവിധ സംഘടനകളും ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൃത്രിമ ലഹരിവസ്തുക്കളുടെ ഉത്പാദനം, വിൽപ്പന, കടത്ത് എന്നിവ പൂർണ്ണമായും നശിച്ചുപോകാനും, പ്രത്യേകിച്ച് യുവാക്കൾ തെറ്റായ ലഹരിശീലങ്ങളിൽ നിന്ന് വിടുതൽ നേടാനും പ്രാർത്ഥിപ്പിൻ.




ഈ വർഷം നടന്ന **NEET** പരീക്ഷയിൽ 22 ലക്ഷത്തിലധികം വിദ്യാർത്ഥികൾ പങ്കെടുത്തു. പരീക്ഷാ ഫലങ്ങൾ പുറത്തുവന്നതിനെ തുടർന്ന്, വിദ്യാർത്ഥികൾക്ക് മെഡിക്കൽ കോളേജ് പ്രവേശനം, കൗൺസിലിംഗ് നടപടിക്രമങ്ങൾ, സർക്കാർ അല്ലെങ്കിൽ സ്വകാര്യ കോളേജുകളിൽ സീറ്റ് ലഭിക്കൽ, വിദ്യാഭ്യാസ ചെലവുകൾ, ഭാവി പദ്ധതികൾ എന്നിവയുമായി ബന്ധപ്പെട്ട് വിവിധ വെല്ലുവിളികൾ നേരിടേണ്ടി വരുന്നുണ്ട്. കൂടാതെ, പ്രതീക്ഷിച്ച മാർക്കോ റാങ്കോ ലഭിക്കാത്തതുകൊണ്ട് ചില വിദ്യാർത്ഥികൾ കടുത്ത മാനസിക സമ്മർദ്ദവും നിരാശയും അനുഭവിക്കുന്നു. നീറ്റ് പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് നേരായ മാർഗനിർദേശം ലഭിക്കുവാനും, അവർ തങ്ങൾക്ക് അനുയോജ്യമായ കോളേജുകളിലും കോഴ്സുകളിലും പ്രവേശനം നേടി സമാധാനത്തോടെയും ആത്മവിശ്വാസത്തോടെയും ഭാവിയെ നേരിടാനും പ്രാർത്ഥിപ്പിൻ. വൈദ്യശാസ്ത്ര രംഗത്ത് സേവനം ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് കർത്താവ് അനുയോജ്യമായ അവസരങ്ങൾ തുറന്നു നൽകാനും, അവരുടെ വിദ്യാഭ്യാസ യാത്ര അനുഗ്രഹിക്കപ്പെടാനും പ്രാർത്ഥിപ്പിൻ.

## ഉഷ്ണതരംഗം (Heatwave)

ഈ വർഷം ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മാസങ്ങളിൽ ഇന്ത്യയിൽ വടക്ക്, തെക്ക് , പടിഞ്ഞാറൻ പ്രദേശങ്ങളിൽ കഠിനമായ ഉഷ്ണതരംഗം അനുഭവപ്പെട്ടു. ചില സ്ഥലങ്ങളിൽ താപനില 45 ഡിഗ്രി സെൽഷ്യസ് മുതൽ 48 ഡിഗ്രി സെൽഷ്യസ് വരെ ഉയർന്നു. ഇന്ത്യയിൽ ചൂട് സംബന്ധമായ കാരണങ്ങളാൽ രാജ്യത്തുടനീളം ശരാശരി 3,400ലധികം മരണം റിപ്പോർട്ട് ചെയ്യപ്പെട്ടതായി പറയപ്പെടുന്നു. കൂടാതെ, ഉഷ്ണതരംഗം കാരണം കുടിവെള്ള ക്ഷാമം, വൈദ്യുതി ഉപയോഗം വർദ്ധിക്കൽ, കാർഷിക ഉത്പാദനം കുറയുക തുടങ്ങിയ പ്രശ്നങ്ങളും ഉണ്ടായിട്ടുണ്ട്. രാജ്യത്ത് കഠിനമായ ഉഷ്ണതരംഗത്തിന്റെ ആഘാതം കുറയാനും, ആവശ്യത്തിന് മഴ ലഭിച്ച് കർഷകരും സാധാരണ തൊഴിലാളികളും ദുരിതങ്ങളിൽ നിന്ന് സംരക്ഷിക്കപ്പെടാനും പ്രാർത്ഥിപ്പിൻ.



## ആത്മഹത്യ

ഇന്ത്യയിൽ ഓരോ വർഷവും 1,70,000ത്തിലധികം ആളുകൾ ആത്മഹത്യ ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആത്മഹത്യ ചെയ്യുന്നവരിൽ ഏകദേശം 70-75% പുരുഷന്മാരാണ്. എല്ലാ വർഷവും പതിനായിരം മുതൽ പതിമൂവായിരം വരെയുള്ള വിദ്യാർത്ഥികൾ മാനസിക സമ്മർദ്ദം, ഒറ്റപ്പെടൽ, കുടുംബ പ്രശ്നങ്ങൾ, പരീക്ഷാ പരാജയങ്ങൾ, സാമ്പത്തിക പ്രതിസന്ധികൾ തുടങ്ങിയ വിവിധ കാരണങ്ങളാൽ ആത്മഹത്യ ചെയ്യുന്നുണ്ടെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. യുവാക്കളും പൊതുജനങ്ങളും ഇത്തരം മാനസിക തകർച്ചകളിൽ നിന്ന് വിടുതൽ നേടാനും, രാജ്യത്ത് ആത്മഹത്യ നിരക്ക് കുറയാനും, ജനങ്ങൾ പ്രത്യാശയോടെ ജീവിക്കാൻ ദൈവം കൃപ നൽകാനുമായി പ്രാർത്ഥിപ്പിൻ.



# SOUL DETOX:

ഈ അന്ത്യനാളുകളിൽ, നമ്മുടെ ശത്രുവായ പിശാച് യൗവനക്കാരെ കർത്താവിൽ നിന്ന് അകറ്റി ദൂരത്തേക്ക് കൊണ്ടുപോകാൻ ഉപയോഗിക്കുന്ന പ്രധാനപ്പെട്ട ഒരു ആയുധമാണ് സംഗീതം. പിശാചിനെ സൃഷ്ടിച്ചിരിക്കുന്നതുതന്നെ ഒരു പ്രധാന സംഗീതജ്ഞനായിട്ടാണ്. സംഗീതത്തിന് നമ്മുടെ ജീവിതത്തിൽ വലിയൊരു സ്വാധീനം ചെലുത്താനും ആഴത്തിലുള്ള മാറ്റങ്ങൾ വരുത്താനുമുള്ള ശക്തിയുണ്ട്. നാം കേൾക്കുന്ന പാട്ടുകളിലെ വരികൾ,ദൃശ്യങ്ങൾ, ആശയങ്ങൾ, വാർത്തകൾ എന്നിവയെല്ലാം നമ്മുടെ ചിന്തകളെയും വികാരങ്ങളെയും ശീലങ്ങളെയും ജീവിതരീതിയെയും പൂർണ്ണമായി മാറ്റിമറിക്കാൻ കഴിവുള്ളവയാണ്.

**ഇന്നത്തെ ലൗകികമായ സംഗീതങ്ങൾ ഭൂരിഭാഗവും മോശം വാക്കുകൾ, അശ്ലീലമായ ആശയങ്ങൾ, തെറ്റായ ചിന്താഗതികൾ, അക്രമം, കാമവികാരങ്ങൾ, അഹങ്കാരം, വേദപുസ്തകത്തിന് വിപരീതമായ, ദൈവം വെറുക്കുന്ന സംസ്കാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഇത് നിരന്തരം കേൾക്കുന്നത് നമ്മുടെ ആത്മീയ ജീവിതത്തെ പതുക്കെ നശിപ്പിച്ചു കളയും.**

അതുമാത്രമല്ല, ഇപ്പോൾ നടക്കുന്ന പല സംഗീത പരിപാടികളിലും സാത്താന്റെ അടയാളങ്ങളും എതിർക്രിസ്തുവിന്റെ ചിഹ്നങ്ങളും പരസ്യമായി ഉപയോഗിക്കുന്നു. അതോടൊപ്പം യേശുക്രിസ്തുവിനെയും ക്രൂശിനെയും പരിഹസിച്ചുകൊണ്ട് പല സംഗീതജ്ഞരും സിനിമാ പ്രമുഖരും ദൈവത്തെ അപമാനിക്കുന്നു. തങ്ങൾ ലൂസിഫറുമായി ഉടമ്പടി ഒപ്പുവച്ചവരാണെന്ന് ചിലർ പരസ്യമായി പ്രസ്താവിച്ചിട്ടുമുണ്ട്. ഇങ്ങനെയുള്ള സംഗീതത്തെയും അതിലൂടെ വരുന്ന സന്ദേശങ്ങളെയും നിരന്തരം സ്വീകരിക്കുന്നത് നമ്മുടെ ഹൃദയത്തിന്റെ വാതിലുകളെ തിന്മയുടെ സ്വാധീനങ്ങൾക്കായി തുറന്നു കൊടുക്കുന്നതിന് തുല്യമാണ്.






## തെറ്റായ സംഗീതത്തിന്റെ സ്വാധീനങ്ങൾ

മോശം വാക്കുകളും അശ്ലീലം നിറഞ്ഞതുമായ സംഭാഷണങ്ങളും നമ്മുടെ സ്വഭാവത്തെ മാറ്റുന്നു. അശുദ്ധവും നിഷേധാത്മകവുമായ വാക്കുകൾ നമ്മുടെ സംസാരം, ചിന്തകൾ, മനോഭാവം എന്നിവയെ ദോഷകരമായി ബാധിക്കും. ഇത് ദേഷ്യം, വെറുപ്പ്, കാമം, പ്രതികാര മനോഭാവം തുടങ്ങിയ നിഷേധാത്മക വികാരങ്ങളെ ഉണർത്തുന്നു.

കർത്താവ് ഇഷ്ടപ്പെടാത്ത കാര്യങ്ങൾ നാം തുടർച്ചയായി കേൾക്കുമ്പോൾ, അവ സാധാരണമാണെന്ന ചിന്താഗതി നമുക്ക് അനുഭവപ്പെടാൻ തുടങ്ങും. ലോകത്തിന്റെ സംസ്കാരങ്ങൾ ദൈവത്തിന്റെ സത്യത്തേക്കാൾ പ്രധാനമായി തോന്നാൻ തുടങ്ങും. അത് നമ്മുടെ വ്യക്തിത്വത്തെയും മൂല്യങ്ങളെയും പതുക്കെ മാറ്റിക്കൊണ്ടിരിക്കുന്നു.

**Trendu, Gethu** എന്നീ ആശയങ്ങളുമായി ഇത്തരം സംഗീതം കേൾക്കുന്ന പലരും സമാധാനം നഷ്ടപ്പെടുകയും, വിഷാദം, ഏകാന്തത, ഭയം, ഉറക്കമില്ലായ്മ, ആത്മീയ പോരാട്ടങ്ങൾ, ആത്മഹത്യാ ചിന്ത എന്നിവയാൽ മല്ലിടുകയും ചെയ്യുന്നു.

## Detox-നുള്ള വഴികൾ

### 1. തിന്മയെ അകറ്റി, നന്മയാൽ നിറയ്ക്കുവിൻ!

മോശം സംഗീതം കേൾക്കുന്നത് നിർത്തുക മാത്രമല്ല **(unsubscibe the channel, Unfollow the artist, Delete your playlist)**, കർത്താവിനെ മഹത്വപ്പെടുത്തുന്ന സ്തുതിഗീതങ്ങളും ആരാധനാ ഗീതങ്ങളും കൊണ്ട് നിങ്ങളുടെ **playlist** നിറയ്ക്കുക. (തിരുവെഴുത്തിന് വിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്നവർ എത്ര മനോഹരമായി ഗാനങ്ങൾ രചിക്കുകയും പാടുകയും ചെയ്താലും, അത് ദൈവത്തെ മഹത്വപ്പെടുത്തുന്ന സംഗീതമായിരിക്കില്ല).

### 2. വാക്കുകൾ ശ്രദ്ധിക്കുവിൻ

ഒരു ഗാനം കേൾക്കുന്നതിന് മുമ്പ്, 'ഈ ഗാനം എന്റെ മനസ്സിനെ ശുദ്ധീകരിക്കുന്നുണ്ടോ? അതോ എന്റെ ആത്മീയ ജീവിതത്തെ ദുർബലപ്പെടുത്തുന്നുണ്ടോ?' എന്ന് സ്വയം ചോദിക്കുവിൻ!

### 3. നല്ലതിനെ മുറുകെ പിടിക്കുക

ക്രിസ്തീയ ഗാനങ്ങളാണെങ്കിൽ പോലും, അവ പാടുന്നവരുടെ ഫലങ്ങളും വേദപുസ്തകത്തെ അടിസ്ഥാനമാക്കിയുള്ള അവരുടെ പഠിപ്പിക്കലുകളും പരിശോധിച്ച്, നല്ലത് മാത്രം മുറുകെ പിടിക്കുക.

"സകലവും ശോധന ചെയ്തു നല്ലത് മുറുകെ പിടിപ്പിൻ" (1 തെസ്സലൊനീക്യർ 5:21)

### 4. ദൈവശബ്ദത്തിന് പ്രാധാന്യം നൽകുക

തിരുവെഴുത്ത് വായന, പ്രാർത്ഥന, ആരാധന എന്നിവയിലൂടെ നിങ്ങളുടെ മനസ്സിനെ ദൈവത്തിന്റെ സത്യം കൊണ്ട് നിറയ്ക്കുക. നിങ്ങളുടെ ജീവിതത്തിൽ ദൈവശബ്ദം അധികമായി കേൾക്കുമ്പോൾ, ലോകത്തിന്റെ ശബ്ദം യാന്ത്രികമായി ദുർബലമാകും.



# വാർത്തകൾ!

## കാലാവസ്ഥ സംസ്ഥാനത്ത് ലഘു മേഘവിസ്ഫോടനം പതിവ് മഴ പഴയ മഴയല്ല!



തിരുവനന്തപുരം: പരമ്പരാഗ മൺസൂൺ രീതികളെ പാടേ തെറ്റിച്ച് കേരളത്തിലെ മഴയുടെ സ്വഭാവത്തിൽ മാറ്റങ്ങൾ ദൃശ്യമായി. ഇതിന്റെ ഫലമായി പശ്ചിമഘട്ട മലനിരകളിൽ ലഘു മേഘവിസ്ഫോടനങ്ങൾ പതിവാകുമെന്നു കാലാവസ്ഥാ ശാസ്ത്രജ്ഞർ മുന്നറിയിപ്പു നൽകുന്നു. സീസണിൽ ലഭിക്കുന്ന മൊത്തം മഴയുടെ അളവിൽ കുറവുണ്ടാകുന്നതും ഏതാനും മണിക്കൂറുകൾ മാത്രം പെയ്യുന്ന അതിതീവ്ര മഴ പ്രളയങ്ങൾക്കും ഉരുൾപൊട്ടലുകൾക്കും വഴിവയ്ക്കുന്നതുമാണ് പുതിയ പ്രവണത.

2018 ലെ പ്രളയത്തിനു കാരണം ദിവസങ്ങൾ നീണ്ട മഴയായിരുന്നുവെങ്കിൽ, 2019ലെ പുതുമല, കവളപ്പാറ ദുരന്തങ്ങൾ മുതൽ മുണ്ടക്കൈ- ചൂരൽമല ദുരന്തം വരെയുള്ളവ കുറഞ്ഞ സമയത്തിനുള്ളിൽ പെയ്തിറങ്ങിയ അതിതീവ്ര മഴ സൃഷ്ടിച്ച ലഘു മേഘവിസ്ഫോടനങ്ങളുടെ ഫലമാണെന്നു പഠനങ്ങൾ തെളിയിക്കുന്നു. മൺസൂൺ കാലത്ത് കേരളതീരത്തോടു ചേർന്ന് അറബിക്കടലിലെ ഉപരിതല താപനില സാധാരണയെക്കാൾ 1-2 ഡിഗ്രി സെൽഷ്യസ് വരെ ഉയരുന്നതാണ് കേരളം നേരിടുന്ന വെല്ലുവിളിയുടെ കാരണങ്ങളിലൊന്ന്.

### മുന്നറിയിപ്പ് സംവിധാനങ്ങളിൽ മാറ്റം വേണ്ടിവരും

ഒരു സീസണിൽ ആകെ മഴയുടെ അളവ് നോക്കുന്ന പരമ്പരാഗത സംവിധാനം ഇനി ഫലപ്രദമാകില്ലെന്നാണു വിലയിരുത്തൽ. 24 മണിക്കൂറിലെ ആകെ കണക്കിനു പകരം, ഓരോ മണിക്കൂറിലും പെയ്യുന്ന മഴയുടെ തീവ്രത അളക്കേണ്ടിവരും. ഡോപ്ലർ റഡാറുകളും ഓട്ടമാറ്റിക് വെതർ സ്റ്റേഷനുകളും ഉപയോഗിച്ച് വില്ലേജ്/താലൂക്ക് തലത്തിൽ തത്സമയ മുന്നറിയിപ്പുകൾ നൽകുന്ന നൗ കാസ്റ്റിങ് കാര്യക്ഷമമാക്കണമെന്നും നിർദേശമുണ്ട്. കലടിലെ ഉപരിതല താപനിലയും മേഘങ്ങളുടെ ഉയരവും ഈർപ്പവും വിശകലനം ചെയ്തുകൊണ്ടുള്ള ദുരന്തനിവാരണ പ്ലാനുകളുടെ ഏകോപനവും ആവശ്യമാണ്.